# ഹജ്ജത്തുൽ വിദാഅ്;
# ന്യൂമൂൺ വിധി പറയുന്നു

**ശബാബ്, വിചിന്തനം വാരികകളിൽ നബി(സ)യുടെ അറഫയുടമായി ബന്ധപ്പെടുത്തി 'മാസപ്പിറവി' സംബന്ധമായി വന്ന ലേഖനങ്ങൾക്ക് ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ സെക്രട്ടറി ജ: ടി. അബ്ദുഷുകൂർ എഴുതിയ മറുപടി.**


പ്രസാധനം

**HIJRA COMMITEE OF INDIA**

7/858-B, A.W.H.Building, S.M.Street, Kozhikode -673 001, Kerala. Ph: 0495-2724007
E-mail: hijraindia@rediffmail

# ഹജ്ജത്തുൽ വിദാഅ് ; ന്യൂമൂൺ വിധി പറയുന്നു

ടി.അബ്ദുശുക്കൂർ

22.10.10 ന് ഇറങ്ങിയ ശബാബിൽ കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് അബ്ദുൽ ഹമീദ് മദീനിയും കെ.എൻ.എം സെക്രട്ടറി കെ.പി.സക്കരിയ്യയും സംയുക്തമായി എഴുതിയ ലേഖനത്തിന് പെട്ടെന്നു തന്നെ ഒരു മറുപടി തയ്യാറാക്കി 25.10.10 നു തന്നെ ശബാബിൽ എത്തിച്ചു. പ്രസ്തുത ലേഖനത്തിന്റെ കയ്യെഴുത്തു പ്രതി വായിച്ച ചില ഗുണകാംക്ഷികൾ അത് വായിക്കുന്നവർ തെറ്റായി വ്യാഖ്യനിക്കാൻ ഇടയുള്ള ചില വാചകങ്ങൾ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് തിരുത്തി ഇമെയിൽ വഴി അയച്ചുകൊടുത്തു. ആയതിന്റെ പ്രിന്റ് ചെയ്ത കോപ്പിയും അടുത്ത ദിവസം തന്നെ ശബാബിലേക്ക് അയച്ചു കൊടുക്കുകയും മുമ്പ് അയച്ച കയ്യെഴുത്തു പ്രതി തിരിച്ചയക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ശബാബ് പത്രാധിപർ പ്രസ്തുത ലേഖനം തിരിച്ചയച്ചില്ല. എന്റെ തിരുത്തിയ ലേഖനം പ്രസിദ്ധീകരിച്ചതുമില്ല. അതിനാൽ പ്രസ്തുത ലേഖനം ഡിസംബർ ഒന്നാം തിയതി ഇറങ്ങിയ 'അൽഫനാർ' ത്രൈമാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അങ്ങിനെയിരിക്കെ ഡിസംബർ 6–ാം തിയതി ഒരു ഇ–മെയിൽ സന്ദേശം ലഭിച്ചു. ശബാബിൽ അബ്ദുഷുകൂർ എഴുതിയ ലേഖനത്തിന് അബ്ദുൽ ഹമീദ് മദീനി എഴുതിയ മറുപടി രണ്ടു ദിവസത്തിനകം പോസ്റ്റ് ചെയ്യുമെന്നായിരുന്നു മദീനിയുടെ പ്രിയസുഹൃത്തും ശിഷ്യനുമായ ഡോ.സാജിദിന്റെ മെയിൽ . 14–ാം തിയതി മദീനിയുടെ ലേഖനം ഇ മെയിൽ വഴി ലഭിച്ചു. ഞാൻ ആദ്യം കൊടുത്ത കയ്യെഴുത്തു പ്രതിക്കുള്ള മറുപടിയാണ് ലഭിച്ചത്. ഞാൻ തിരിച്ചയക്കാൻ ആവശ്യപ്പെട്ട എന്റെ ലേഖനം ശബാബ് വാരിക മറ്റാളുകൾക്ക് നൽകുകയും എന്നെ തെറി പറയിക്കുകയുമായിരുന്നു. ഇത് വിശ്വാസ വഞ്ചനമാത്രമല്ല, പത്രമര്യാദയുടെയും ലംഘനമാണ്. ശബാബ് എന്റെ മറുപടി പ്രസിദ്ധീകരിക്കില്ലെന്ന് കരുതിയിരിക്കെയാണ് 18.12.2010 ലക്കത്തിൽ ഞാൻ തിരിച്ചു തരാൻ ആവശ്യപ്പട്ട ലേഖനം അതേപടി പ്രസിദ്ധീകരിച്ചിരിക്കുന്നത് ശ്രദ്ധയിൽ പെട്ടത്. ഞാൻ തിരുത്താൻ ആവശ്യപ്പെട്ട വാചകങ്ങൾ തിരുത്താതെ അതിനെത്തന്നെ എടുത്തു വിമർശിച്ചിരിക്കുകയാണ് കെ.ജെ.യു പണ്ഡിതരും ശബാബും ചെയ്തിട്ടുള്ളത്. ഇത് ഖേദകരമായിപ്പോയി എന്ന് വായനക്കാരും സമ്മതിക്കുമല്ലോ? അൽഫനാർ പ്രസിദ്ധീകരിച്ച എന്റെ ആദ്യ മറുപടി വായിക്കുക.

# 'ന്യൂ മൂൺ' വിധി പറയുന്നു

**ആ**കാശവും അതിലുള്ള കോടാനുകോടി നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും അടങ്ങുന്ന ഈ പ്രപഞ്ചവും അതിൽ സൂര്യൻ, സൂര്യനെ ചുറ്റുന്ന ഭൂമി, ഭൂമിയെചുറ്റുന്ന ചന്ദ്രൻ എന്നിവയും സൃഷ്ടിച്ച അല്ലാഹു(സു.ത) ഇവയെല്ലാം തന്നെ കണിശമായ നിയമവ്യവസ്ഥക്ക് വിധേയമാക്കിയിരിക്കുന്നു. ഭൂമിയെ അവൻ മനുഷ്യ വാസയോഗ്യമാക്കുകയും ഭൂമിയിൽ വസിക്കുന്ന സർവ്വ ജീവജാലങ്ങൾക്കും ആവശ്യമായ തരത്തിൽ സൂര്യനെയും ചന്ദ്രനെയും സംവിധാനിക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രപഞ്ച വ്യവസ്ഥയെക്കുറിച്ച് പഠിക്കുകയാണ് ദൈവാസ്തിത്വത്തെ ബോദ്ധ്യമാവുന്നതിന്ന് അല്ലാഹു(സ.ത)നിർദ്ദേശിച്ചത്. വി.ഖു. 3: 190 വചനം അവതരിച്ചപ്പോൾ പ്രസ്തുതവചനം പാരായണം ചെയ്ത ഒരാൾ അതേക്കുറിച്ച് ചിന്തിക്കാതെയും പഠിക്കാതെയും ഇരുന്നാൽ അയാൾ എല്ലാം നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലാണെന്ന് ജിബ്രീൽ(അ)അറിയിച്ചിട്ടുണ്ട്. മുസ്‌ലിം പണ്ഡിത ലോകം ജിബ്രീൽ(അ)ന്റെ മുന്നറിയിപ്പിനെ അവഗണിച്ചപ്പോൾ ആകാശ ഗോളങ്ങളുടെ സൃഷ്ടിപ്പിനെക്കുറിച്ച് പഠിക്കുകയും **'ഇതൊന്നും നീ വെറുതെ സൃഷ്ടിച്ചതല്ല'** എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. മുസ്‌ലിം ലോകത്ത് ഇന്ന് ജീവിക്കുന്ന അത്തരം വ്യക്തികളിൽ ഒരാളാണ് എം.അലി മണിക്ഫാൻ. മുസ്‌ലിം ലോകത്തിന്റെ ഫർള് കിഫ ആയ ഗോളശാസ്ത്ര പഠനം നടത്തിയതിന്ന് അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം ക്രൂശിക്കുകയാണ് നവോത്ഥാന സംഘടനകൾ പോലും ചെയ്യുന്നത് എന്നത് ഖേദകരമാണ്.

ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ നഷ്ടപ്പെട്ടുപോയ ഇസ്‌ലാമിലെ കലണ്ടർ വ്യവസ്ഥ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നു. ഇസ്‌ലാമിന്ന് ഒരു കലണ്ടർ ഉണ്ടോ? കലണ്ടർ ആവശ്യമുണ്ടോ? ഹിജ്റകലണ്ടർ പ്രകാരം ജീവിക്കുന്നത് മതവിരുദ്ധമാണോ? മുസ്‌ലിം മതസംഘടനകൾ മേൽ ചോദ്യങ്ങൾക്ക് പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമായ ഉത്തരം നൽകുന്നില്ല. പകരം ഹിജ്റ കമ്മിറ്റിയെയും അലി മണിക്ക്ഫാനെയും ശത്രുപക്ഷത്ത് നിർത്തി തെറ്റിദ്ധാരണ പരത്തി സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി മുജാഹിദ് വാരികകളായ വിചിന്തനം, 3.10.2010 ലും ശബാബ് 22.10.10 ലക്കത്തിലും ഒരേ തരത്തിലുള്ള വിമർശനം നടത്തിയിരിക്കുന്നു. ആശയപരമായ വിമർശനത്തിലുപരി അലി മണിക്ഫാന്റെയും ഹിജ്റ കമ്മിറ്റിയുടെയും പ്രതിഛായ തകർക്കാനുള്ള പരിശ്രമമാണ് അതിൽ നടത്തിയിട്ടുള്ളത്. അതിനെ കുറിച്ചുള്ള വിധി അല്ലാഹു(സു.ത)വിലേക്ക് വിട്ട് വിഷയത്തിന്റെ മർമ്മത്തിലേക്ക് പ്രവേശിക്കുന്നു.

### ന്യൂമൂൺ ഇസ്‌ലാമിന്നന്യമോ?

ന്യൂമൂൺ ആണ് ഉലമാക്കളെ ഉറക്കംകെടുത്തുന്നത്. ജൂതൻമാർ ന്യൂമൂൺ അംഗീകരിക്കുന്നതുകൊണ്ട് മുസ്‌ലിംകൾക്ക് പാടില്ലെന്നാണ് അൻസാർ യൂസുഫ് എന്നൊരാൾ വിചിന്തനത്തിൽ എഴുതുന്നത്. ഇതു തന്നെ അബ്ദുൽ ഹമീദ് മദീനിയുടെയും അഭിപ്രായം. തെറ്റിദ്ധാരണ പരത്തുന്ന

ഒരു പരാമർശം രണ്ടു ലേഖനത്തിലും കാണുന്നു. 'നബി(സ)ഹിലാലിനെ ആധാരമാക്കിയല്ല മാസം കണക്കാക്കിയത്. മറിച്ച് ന്യൂമൂണിനെ ആധാരമാക്കിയാണെന്നാണ് ഹിജ്റ കമ്മിറ്റിയുടെ വാദം.' ലോകത്തുള്ള ഒട്ടുമിക്ക രാജ്യങ്ങളും ഹിലാൽ കാണുന്നതിനെ മാനദണ്ഡമാക്കുന്നുവെന്ന ലേഖകൻമാരുടെ അവകാശവാദം ശരിയല്ല. പാകിസ്ഥാൻ, ഇന്ത്യ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങൾ മാത്രമേ ഹിലാൽ കണ്ടതിന് ശേഷം മാസം തുടങ്ങുന്നുള്ളൂ. മറ്റുള്ള രാജ്യങ്ങൾ എല്ലാം തന്നെ ഹിലാൽ കണ്ടു എന്ന ഒരു സാക്ഷ്യം സ്വീകരിച്ച് മാസം തുടങ്ങുകയാണ്. കേരളത്തിലും ഇതാണ് സ്ഥിതി. അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും കാണാനുള്ള പ്രായം ആയാൽ മതി, കണ്ണുകൊണ്ട് കാണേണ്ടതില്ല എന്നു പറയുന്നു. ഹിജ്റ കമ്മിറ്റിയുടെ നിലപാട് പലപ്രാവശ്യം വ്യക്തമാക്കിയതാണെങ്കിലും വിമർശകർ അത് കണ്ടതായി നടിക്കുന്നില്ല.

### ഹിജ്റ കമ്മിറ്റിയുടെ ആദർശം

സൂറ തൗബ: 36, 37 വചന പ്രകാരം അല്ലാഹു(സു.ത) മനുഷ്യർക്കായി സംവിധാനിച്ചിരിക്കുന്ന കലണ്ടർ ചന്ദ്രമാസ കലണ്ടർ ആകുന്നു. ചന്ദ്രന് മാസത്തിൽ 29 അല്ലെങ്കിൽ 30 ദിവസങ്ങളുണ്ടാകും. 30 ദിവസങ്ങളുള്ള ഒരു മാസത്തിൽ 29 ചന്ദ്രക്കലകളെ(അഹില്ല)കണ്ണുകൊണ്ട് കാണാൻ കഴിയുന്നു. 29 ദിവസങ്ങളുള്ള മാസമാണെങ്കിൽ 28 കലകളും കാണാൻ കഴിയുന്നു. കാണാൻ കഴിയുന്ന കലകളെ നിരീക്ഷണം നടത്തി തിയതികൾ നിശ്ചയിക്കാനാണ് നബി(സ)പഠിപ്പിച്ചിട്ടുള്ളത്. ഖുർ: 2: 189 ൽ ചന്ദ്രക്കലകൾ(അഹില്ല) ജനങ്ങൾക്കും ഹജ്ജിന്നും തിയതികൾ കാണിക്കുന്നു എന്നാണ് പഠിപ്പിക്കുന്നത്. അവസാനം ചന്ദ്രനെ കാണുന്നത് ഉർജൂനുൽ ഖദീം എന്നപോലെ മാസാവസാനത്തിനു ഒരു ദിവസം മുമ്പാണ്. യാസീൻ 39-ാം വചനവും ചന്ദ്രനു വിവിധ ഘട്ടങ്ങൾ(മനാസിൽ) നിശ്ചയിച്ചിരിക്കുന്നത് അതിന്റെ വിവരം(Data) ഉപയോഗിച്ച് കാലം കണക്കുകൂട്ടുന്നതിനുള്ളതാണ് എന്ന് യൂനുസ് 10-ാം വചനവും പഠിപ്പിക്കുന്നു. ഖുർആൻ ഹിലാലിനെ കുറിച്ചു പറഞ്ഞിട്ടില്ല. ഹിലാൽ എന്നു പറയുന്നത് മാസാരംഭത്തിൽ 7 വരെയും മാസാവസാനത്തിലെ ഏഴു കലകൾക്കും പറയുന്നതാണ്. അല്ലാതെ 29-ാം തിയതി മാത്രം കാണുന്ന കലയല്ല. അമാവാസി ദിവസം ഒരിക്കലും കാണുകയില്ല. ഹിലാൽ പിറക്കുന്നതോടുകൂടി പുതുമാസം ആരംഭിക്കുന്നു. അടുത്ത ദിവസം പുതുമാസത്തിന്റെ ഒന്നാം തിയതിയാണ്. ഹിലാൽ നഗ്നനേത്രം കൊണ്ട് കണ്ടശേഷം മാസം തുടങ്ങുന്നതിന് പ്രമാണ പിന്തുണയില്ല. ഹിലാൽ എപ്പോൾ കാണാമെന്ന് കണക്കുകൂട്ടി പറയാൻ കഴിയും. ഹിലാൽ എപ്പോൾ പിറക്കുമെന്ന് ഒരു സെക്കന്റിന്റെ അംശം വരെ കണക്കുകൂട്ടി പറയാൻ കഴിയും. അതാണ് ന്യൂമൂണിന്റെ കണക്ക്.

ന്യൂമൂൺ കൃത്യമായി കണക്കാക്കാമെന്ന് എല്ലാവരും സമ്മതിക്കുന്നു. ന്യൂമൂൺ, കഞ്ചക്ഷൻ, ഗ്രഹണം എന്നെല്ലാം പറയുന്ന ഒരേ പ്രതിഭാസം സംഭവിക്കുന്നതോടു കൂടി ഹിലാൽ പിറക്കുന്നു. ന്യൂമൂൺ സംഭവിക്കുന്ന ഭൂമിയിലെ കേന്ദ്രത്തിൽ സൂര്യാസ്തമയശേഷം 12 മിനുട്ട് കഴിഞ്ഞാൽ ചന്ദ്രൻ അസ്തമിക്കുന്നു. അതിനാൽ ന്യൂമൂൺ ദിവസം ആ മാസത്തിലെ

അവസാന ദിവസമാണ്.

ഹിലാൽ കണ്ണുകൊണ്ടു കാണുക എന്നത് മതത്തിന്റെ നിയമമല്ല. നബി(സ) 29 -ാം തിയതി അസ്തമയ സമയത്ത് ചന്ദ്രക്കല നോക്കിയിട്ടില്ല. നോക്കാൻ കല്പിച്ചിട്ടുമില്ല. അങ്ങിനെയൊരു മാതൃക(സുന്നത്ത്) ചൂണ്ടിക്കാണിക്കാനില്ല. ഹദീസിൽ പറഞ്ഞിരിക്കുന്നത് ചന്ദ്രക്കലകളുടെ ദൃശ്യതയുടെ അടിസ്ഥാനത്തിൽ നോമ്പ് തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക എന്നാണ്. "സൂമൂ ലിറുഅ്യത്തിഹി" എന്നത് ഹിലാൽ പിറന്നു എന്നു പറയുന്നതിന്റെ മറ്റൊരു ഭാഷ്യമാണ് ന്യമൂൺ സംഭവിച്ചു എന്നു പറയുന്നത്.

ന്യൂമൂൺ കണക്ക് സ്വീകരിക്കുന്നത് ഖിബ്ലമാറ്റം പോലെയാണെന്ന് അൻസാർ യൂനുസ് എന്നയാൾ വിചിന്തനത്തിൽ എഴുതിയിരിക്കുന്നു. ഖിബ്ലമാറ്റം ആദ്യം നടത്തിയത് മുജാഹിദ് പ്രസ്ഥാനമാണെന്ന് അൻസാർ യൂനുസിന് അറിയില്ലായിരിക്കും. 1300 വർഷങ്ങൾക്ക് മുമ്പ് അറബികൾ വന്നവഴിയിലേക്ക് മുഖം തിരിച്ച് മുസ്‌ലിംകൾ പള്ളിപണിതു, നമസ്കരിച്ചു. മുക്കാൽ നൂറ്റാണ്ടുമുമ്പ് എം.സി.സി.അഹമ്മദ് മൗലവി ആ സത്യം മനസ്സിലാക്കി. മുസ്‌ലിംകൾ നമസ്കരിക്കുന്നത് ഖിബ്‌ലയിലേക്ക് തിരിഞ്ഞല്ല. ആഫ്രിക്കയിലേക്കാണ് മുഖം തിരിക്കുന്നത്. ഭൂമിശാസ്ത്രവും നാവിഗേഷനും പഠിച്ച അദ്ദേഹം 23.5 ഡിഗ്രി വടക്കോട്ടു തിരിഞ്ഞ് കഅ്ബയിലേക്കുള്ള ശരിയായ ദിശ സമൂഹത്തിന് കാണിച്ചുകൊടുത്തു. എം.സി.സി.യെയും ആദ്യമാരും അംഗീകരിച്ചില്ല. അദ്ദേഹത്തേയും ജൂത ഏജന്റെന്ന് അൻസാറിന്റെ പൂർവ്വികർ വിളിച്ചു. പിന്നീട് ലോകം അദ്ദേഹത്തെ അംഗീകരിച്ചു. ഇതുപോലുള്ള ഒരു തിരുത്ത് മാസനിർണയത്തിലും വേണമെന്നേ മണിക്ഫാൻ പറഞ്ഞിട്ടുള്ളൂ.

ചന്ദ്രമാസ നിർണ്ണയത്തിനു ന്യൂമൂൺ ഉപയോഗിക്കുകയല്ലാതെ കുറ്റമറ്റ സംവിധാനം വേറെയില്ല. അതിനു സൂര്യ ചന്ദ്രന്മാരുടെ അസ്തമന വ്യത്യാസം ഉപയോഗിച്ചാൽ മാസങ്ങൾ പലവിധത്തിലാകുന്ന വിരോധാഭാസമുണ്ടാകും. അതാണിന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഹിജ്റ കമ്മിറ്റിയെ ആക്ഷേപിക്കുന്നവർ, സൂര്യ ചന്ദ്ര ഉദയാസ്തമയ വ്യത്യാസം കണക്കുകൂട്ടി കലണ്ടറിൽ രേഖപ്പെടുത്തുന്നു. കണക്ക് കൃത്യമാണെന്നു സത്യം ചെയ്യുകയും ചെയ്യുന്നു. എന്നിട്ട് ന്യൂമൂൺ നിഷിദ്ധമാണെന്ന്തർക്കിക്കുകയും ചെയ്യുന്നു. ഇത് ശരിയല്ല എന്നാണ് ഹിജറ കമ്മിറ്റി പറയുന്നത്.

നബി(സ)ന്യൂമൂൺ അടിസ്ഥാനത്തിൽ മാസം തുടങ്ങിയെന്ന് ആരും വാദിക്കുന്നില്ല. കാരണം അക്കാലത്ത് ന്യൂമൂണിന്റെ കണക്ക് അറിയുമായിരുന്നില്ല. ടെലസ്കോപ്പ് കണ്ടുപിടിച്ചതിന്നു ശേഷമാണ് ഗോളശാസ്ത്രം ഇത്രയും വികസിച്ചതും ന്യൂമൂണിന്റെ കണക്കു പഠിച്ചതും. നബി(സ)അരുളിയിട്ടുള്ളത് 'നമുക്ക് കണക്കുകൂട്ടാൻ അറിയില്ല, അതിനാൽ ചന്ദ്രക്കലകൾ നോക്കി തിയതി അറിയണം" എന്നാണ്. കണക്കു മനസ്സിലായിക്കഴിഞ്ഞാൽ ഹിലാൽ പിറക്കുന്നതു കൃത്യമായി മനസ്സിലാക്കി നോമ്പു തുടങ്ങുകയാണുവേണ്ടത്. അല്ലാതെ ദിവസവും തിയതിയും തെറ്റിച്ച് മാസം

തുടങ്ങുകയല്ല. ഇതാണ് ഹിജ്റ കമ്മിറ്റിക്ക് വിശ്വാസികളോടു പറയാനുള്ളത്. അനാവശ്യാരോപണങ്ങൾ പറഞ്ഞ്  വിരട്ടുന്നത് ശരിയല്ല.

## നബി(സ)യുടെ അറഫ

നബി(സ)യുടെ അറഫ വ്യാഴാഴ്ചയിലായിരുന്നുവോ, അതോ വെള്ളിയാഴ്ചയോ? ഇതാണ് ഇപ്പോൾ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്ന പ്രശ്നം. എന്താണ് ഈ ദിവസങ്ങൾക്കുള്ള പ്രാധാന്യം. മണിക്ക്ഫാൻ ഇതിന്നു മുമ്പ് അറഫ ഏതു ദിവസമായിരുന്നു എന്നു ചർച്ച ചെയ്തിട്ടില്ല. ഒരു ഗവേഷണ വിഷയത്തിൽ വ്യക്തമായ അറിവ് ലഭിച്ച ശേഷമേ അതുപറയാവൂ എന്നതുകൊണ്ടാണ് അതുവരെ നിലവിലുള്ള അഭിപ്രായം തന്നെ പറഞ്ഞത്. നബി(സ)ദിവസവും തിയതിയും കാലവും മറ്റും സ്ഥിരപ്പെടുത്തിയ പ്രസംഗം നടത്തിയത് വെള്ളിയാഴ്ച മിനായിൽ വെച്ചായിരുന്നു. ദിവസം ചർച്ച ചെയ്യുകയായിരുന്നില്ല 15 വർഷം മുമ്പ് പ്രസിദ്ധീകരിച്ച ആ പുസ്തകത്തിൽ. ഇപ്പോൾ നബി(സ)യുടെ അറഫ ഏതു ദിവസത്തിലായിരുന്നു എന്നത് വ്യക്തമാവുകയാണ്. അതിന്റെ ഫലമായി എന്തു സംഭവിക്കുമെന്നു നോക്കാം.

### അറഫ  വ്യാഴാഴ്ചയാണെങ്കിൽ

ദുൽഖഅ്ദ മാസത്തിന്റെ ന്യൂമൂ ൺ A.D. 632 ജനുവരി 27 തിങ്കളാഴ്ച 6.28 UT ക്ക് ആയിരുന്നു. അന്നായിരുന്നു നബി പുത്രൻ ഇബ്രാഹിം മരിച്ചതും ഗ്രഹണമുണ്ടായതും. പ്രസ്തുത ദുൽഖഅ്ദ മാസത്തിൽ 29 ദിവസങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഫെബ്രുവരി 25 ചൊവ്വാഴ്ച 20.51 UT യിൽ ന്യൂമൂൺ സംഭവിക്കുന്നതിനാൽ 26.2.632 ബുധനാഴ്ച ദുൽഹിജ്ജ ഒന്നാം തിയതിയായിരുന്നു. അടുത്ത ബുധനാഴ്ച യൗമുത്തർവിയ, വ്യാഴം അറഫ, വെള്ളിയാഴ്ച ബലിദിനം. ബുധനാഴ്ച ഒന്നാം തിയതിയായി രുന്നതിനാൽ സൂര്യാസ്തമയ സമയത്ത് ചന്ദ്രക്കല നോക്കുന്ന സമ്പ്രദായം(29-ാം തിയതി) നബിചര്യയിലില്ല എന്നാണ് ബോധ്യമാകുന്നത്. ചന്ദ്രക്കലകൾ(അഹില്ല) നിരീക്ഷണം നടത്തി ഉർജൂനുൽ ഖദീം നോക്കി മാസാവസാനം നിശ്ചയിച്ച് പുതുമാസപ്പിറവി കണക്കാക്കുന്നതായിരുന്നു നബിചര്യ എന്നകാര്യം വ്യക്തമാവും.

### അറഫ വെള്ളിയാഴ്ചയാണെങ്കിൽ:

A.D.632 ഫെബ്രുവരി 26 ബുധനാഴ്ച ദുൽഖഅ്ദ 29 ആണെന്ന് ശബാബ് എഴുതുന്നു. ഒന്നാം തിയതി നഷ്ട്പെട്ടതു കൊണ്ടാണത്. അതിനാൽ 29-ാം തിയതി ബുധനാഴ്ച മാസപ്പിറവി കണ്ണുകൊണ്ട് കണ്ടെങ്കിൽ മാത്രമേ വ്യാഴാഴ്ച ദുൽഹിജ്ജ ഒന്നാം തിയതിയാവുകയുള്ളൂ. മാസം കണ്ടിട്ടില്ലെങ്കിൽ വ്യാഴാഴ്ച 30 പൂർത്തിയാക്കി വെള്ളിയാഴ്ച ഒന്നാം തിയതി, അടുത്ത വെള്ളിയാഴ്ച യൗമുത്തർവിയ, ശനിയാഴ്ച അറഫ പക്ഷെ, അറഫ വെള്ളിയാഴ്ച ആയിരുന്നുവെങ്കിൽ 29 ബുധനാഴ്ച മാസപ്പിറവി കാണണം. അന്ന് ഹിലാൽ കണ്ടതായി യാതൊരു തെളിവും ശബാബിലോ വിചി

ന്നനത്തിലോ കാണുന്നില്ല. പ്രാമാണികമായ ഹദീസ് ഗ്രന്ഥങ്ങളിലും ഉദ്ധരിക്കപ്പെടുന്നില്ല.

## അറഫാദിനം തെളിവുകളുടെ വെളിച്ചത്തിൽ:

ഒരു ജൂതൻ ഉമർ(റ)നോട് "അൽയൗമു അക്മൽതുലകും" എന്നു തുടങ്ങുന്ന ആയത്തിനെ സംബന്ധിച്ച് സംസാരിച്ചതിന്ന് ഉമർ(റ)പറഞ്ഞ മറുപടിയിൽ പ്രസ്തുത ആയത്ത് ഇറങ്ങിയ സ്ഥലം, കാലം സമയം, എല്ലാം തനിക്കറിയാമെന്നും അത് വെള്ളിയാഴ്ച ദിവസം അറഫയിൽ നിൽക്കുമ്പോഴാണെന്ന് പറയുന്നു. ഈ ഒരൊറ്റ ഉദ്ധരണിയാണ് അറഫ വെള്ളിയാഴ്ചയാണ് എന്നതിനുള്ളത്. ഇതേ സംഭാഷണം പലരും ആവർത്തിച്ചു പറഞ്ഞിട്ടുണ്ടെന്ന് മാത്രം. ചരിത്രത്തിൽ തിയതികളല്ലാതെ ദിവസം രേഖപ്പെടുത്തിയതായി കാണുന്നില്ല. ദിവസം ഏതായിരുന്നു എന്നത് ശാസ്ത്രീയമായി അന്വേഷിച്ചു കണ്ടെത്തുക തന്നെവേണം. ഈ ഒരൊറ്റ തെളിവുകൊണ്ട് അറഫ വെള്ളിയാഴ്ച ആയിരുന്നുവെന്ന് ഉറപ്പിക്കാമോ. താഴെ പറയുന്ന വസ്തുതകൾ അതുറപ്പല്ലെന്ന് മനസ്സിലാക്കിത്തരികയും ചെയ്യുന്നു.

**1.** ബുഖാരിയിൽ കിതാബുത്ത ഫ്സീർ അൽ ഖുർആനിൽ ഈ ഹദീസ് റിപ്പോർട്ട് ചെയ്യുന്ന സുഫ് യാൻ എന്നയാൾ പറയുന്നു. "ഞാൻ സംശയിക്കുന്നു, അത് വെള്ളിയാണോ അല്ലയോ എന്ന്" സ്വഹീഹ് മുസ്ലിമിലും ഇതേ സു ഫ്യാന്റെ വാക്കുകൾ അതേപടി ഉദ്ധരിച്ചിരിക്കുന്നു.

**2.** ഇബ്നു അബ്ബാസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് 'മേൽ ആയത്തിറങ്ങിയ ദിവസം രണ്ടുപെരുന്നാളാണെന്നാണ്. ഒന്ന് യൗമുന്നഹർ, രണ്ട് യൗമുൽ ജുമുഅ'. ഹജ്ജുൽ അക്ബർ എന്ന് നബി(സ)പറഞ്ഞതും യൗമുന്നഹ്റിനെയാണ്.

**3.** ഉമർ(റ) പറഞ്ഞതായി നസാഇ റിപ്പോർട്ട് ചെയ്ത ഹദീസിൽ 'ലൈലത്തുൽ ജുമുഅ' എന്നാണുള്ളത്. ബൈഹഖിയിലും ഇത്ആനത്തുൽ കുബ്റായിലും ലൈലത്തുൽ ജുമുഅ എന്നാണുള്ളത്. ലൈലത്തുൽ ജുമുഅ എന്നാൽ വ്യാഴാഴ്ച രാത്രിയെന്നാണല്ലോ.

**4.** ബലിപെരുന്നാൾ വെള്ളിയാഴ്ചയായിരുന്നു എന്ന ഇബ്നു അബ്ബാസ്(റ)യുടെ റിപ്പോർട്ട് ശൈഖ് നാസറുദ്ദീൻ അൽബാനി ശരിവെച്ചതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

**5.** ശബാബിൽ ഉദ്ധരിച്ച ബുഖാരി 4662-ാം നമ്പർ ഹദീസ്, "ആകാശ ഭൂമികളെ സൃഷ്ടിച്ച നാളിലേക്ക് കാലം കറങ്ങിവന്നിരിക്കുന്നു." എന്ന നബി(സ)യുടെ പ്രസംഗം അറഫയിലല്ല നടത്തിയത്. ചരിത്ര പ്രസിദ്ധമായ പ്രസ്തുത പ്രസംഗം വെള്ളിയാഴ്ച തന്നെയാണ് നടത്തിയത്. പക്ഷെ അത് മിനായിൽ വെച്ചായിരുന്നു. യൗമുന്നഹ്റിലായിരുന്നു.

**6.** ബുഖാരി ഹദീസ് നമ്പർ 1658: ഉമ്മുൽ ഫള്ല്(റ)നിവേദനം. അറഫാദിവസം നബി(സ) നോമ്പനുഷ്ഠിച്ചിട്ടുണ്ടോ എന്നറിയാൻ ഞാൻ നബി(സ)യുടെ അടുക്കലേക്ക് കുറച്ചു പാനീയം കൊടുത്തയച്ചു. അവിടുന്ന് അത് കുടിച്ചു."

നബി(സ)വ്യാഴാഴ്ച നോമ്പെടുക്കൽ പതിവാക്കിയിരുന്നു. യാത്രയിൽ പോലും പ്രസ്തുത നോമ്പ് ഒഴിവാക്കിയിരുന്നില്ല. അറഫാ ദിവസം ഹാജി മാർക്ക് നോമ്പില്ല. എന്നാൽ മറ്റു മുസ്ലിംകൾ അന്ന് നോമ്പെടുക്കുന്നു. ഹാജിമാർക്ക് നോമ്പ് ഇല്ലെങ്കിലും വ്യാഴാഴചയായതു കൊണ്ട് സുന്നത്ത് നോമ്പ് അനുഷ്ടിച്ചിട്ടുണ്ടോ എന്നു അറിയാനാണ് ഉമ്മുൽ ഫള്ല് പാനീയം കൊടുത്തയച്ച് പരിശോധിച്ചത്.

**7.** അറഫാ ദിവസം ളുഹറും അസറും ജംഉം കസ്റും ആയി നമസ്ക രിക്കാൻ നബി(സ)കല്പിച്ചു. വെള്ളിയാഴ്ചയായിരുന്നു അറഫയെങ്കിൽ ജുമുഅ നമസ്കാരത്തെ സംബന്ധിച്ച് എന്തെങ്കിലും വിധിപറയേണ്ടതല്ലേ. ഹാജിമാർ യാത്രക്കാരായതുകൊണ്ട് ജുമുഅ നമസ്കരിക്കേണ്ടതില്ല എന്നൊരു മറുപടി പറഞ്ഞേക്കും. യാത്രക്കാർക്ക് ളുഹറും അസറും ജംഉം കസ്റും ആണെന്ന് നേരത്തെയുള്ള വിധിയാണല്ലോ. അറഫയുടെ കാര്യ ത്തിൽ അത് പ്രത്യേകം പറയേണ്ടതുണ്ടോ എന്ന് തിരിച്ചു ചോദിക്കുന്നു. ഉണ്ടെങ്കിൽ ജുമുഅയെക്കുറിച്ചും പറയണം.

ഇത്രയും വിശദീകരിച്ചതിൽ നിന്നും അറഫ വ്യാഴാഴ്ചയും ബലിപെ രുന്നാൾ വെള്ളിയാഴ്ചയുമായിരുന്നെന്ന് തെളിയുന്നു. സ്വാഭാവികമായും ഉമർ(റ)യുടെ രണ്ടുതരത്തിലുള്ള റിപ്പോർട്ടുകൾ പരിശോധിക്കേണ്ടതുണ്ട്. ഇബ്നു കസീർ പറയുന്നു, മേൽ ആയത്ത് ഇറങ്ങിയത് അറഫയിൽ നിന്നും നബി(സ)മടങ്ങിയ ശേഷം 'അശിയ്യ' സമയത്താണ്. ശബാബ് നൽകിയ പരിഭാഷയിൽ 'നബി(സ)വെള്ളിയാഴ്ച ദിവസം അറഫയിൽ നിൽക്കുന്ന സമയത്താണ് പ്രസ്തുത ആയത്ത് അവതരിച്ചത്" (ബുഖാരി 45) എന്ന് പറയുന്നു. പക്ഷെ ഹദീസിന്റെ അറബി മൂലത്തിൽ 'വഖ്ത്' എന്നൊരു വാക്കില്ല. 'അറഫയിൽ സമ്മേളിച്ച ദിവസം' എന്ന് അർത്ഥം വരുന്നവയു മാണുള്ളത്. യഥാർത്ഥത്തിൽ സംഭവിച്ചത് വ്യാഴാഴ്ച അറഫയിൽ നിന്നും നബി(സ)മടങ്ങിപ്പോകുന്ന വഴിയിൽ വെള്ളിയാഴ്ച രാവിൽ ആണ് ആയത്ത് അവതരിച്ചത്. പിറ്റേദിവസം വെള്ളിയാഴ്ച മിനായിൽ വെച്ചു നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിൽ നബി(അ) ആ വചനം ജനങ്ങളെ ഓതി ക്കേൾപ്പിക്കുകയും ചെയ്തു.

'യൗമു അറഫ' 'ലൈലത്തുൽ ജുമുഅ' എന്നീ രണ്ടു പ്രയോഗങ്ങളും കൂട്ടിവായിക്കുമ്പോൾ ഉമർ(റ)യുടെ മറുപടി മേൽ പശ്ചാത്തലത്തിൽ ഉണ്ടാ യതാണെന്ന് മനസ്സിലാക്കാം. ചോദ്യം ചോദിച്ചത് ഒരു ജൂതനാണല്ലോ. ഉമർ(റ)യുടെ മറുപടി മറ്റുള്ളവരോട് പറയുമ്പോൾ ജൂതവിശ്വാസവും അതിൽ കലർന്നിട്ടുണ്ടാവും. ജൂതവിശ്വാസ പ്രകാരം സൂര്യാസ്തമയത്തോടു കൂടി ദിവസം മാറുന്നു. അതിലേക്ക് ജൂതന്റെ കാഴ്ചപ്പാട് പ്രകാരം വ്യാഴാഴ്ചയിലെ അറഫാദിവസം കഴിഞ്ഞ് വെള്ളിയാഴ്ച തുടങ്ങിയശേഷം ഖുർആൻ അവതരിച്ചു എന്നു മനസ്സിലാക്കി കാണണം. രസകരമായ കാര്യം കേരളത്തിലെ പണ്ഡിതൻമാരുടെ വിശ്വാസ പ്രകാരവും ദിവസം തുടങ്ങു ന്നത് മഗ്രിബിന്ന് ആയതിനാൽ ഉമർ(റ)ൽ നിന്നും റിപ്പോർട്ട് ചെയ്ത ഹദീസ് കൊണ്ട് അറഫ നടന്നത് വെള്ളിയാഴ്ചയായിരുന്നു എന്ന് അവർക്ക് വാദിക്കാൻ കഴിയില്ല. 'യൗമു ജുമുഅ' എന്നതിന്ന് വെള്ളിയാഴ്ച എന്നുമാ

ത്രമല്ല, ജനങ്ങൾ സമ്മേളിച്ച ദിവസം എന്നും അർത്ഥം പറയാവുന്നതാണ്. സൂറ ശൂറ 7-ാം വചനത്തിൽ 'സംശയരഹിതമായ സമ്മേളന ദിവസം' എന്ന അർത്ഥത്തിൽ മേൽ വാചകം ഉപയോഗിച്ചതായി കാണാവുന്നതാണ്. ചുരുക്കത്തിൽ ഉമർ(റ)ജൂതനോട് പറഞ്ഞ മറുപടി കൊണ്ടുമാത്രം അറഫ വെള്ളിയാഴ്ചയാണ് നടന്നതെന്ന് തെളിയിക്കാൻ കഴിയില്ല. അതിന്ന് തെളിവ് വേറെ കണ്ടെത്തണം.

## അൽപം ചരിത്രം

ഖലീഫ ഉമർ(റ)ഹിജ്റ കലണ്ടർ നടപ്പിലാക്കിയപ്പോൾ അതിൽ ഒന്നാം തിയതി എന്നായിരുന്നു. ഹിജ്റ നടന്നത് റബീഉൽ അവ്വൽ മാസത്തിലാണ്. കലണ്ടർ തുടങ്ങിയത് ആ വർഷത്തെ മുഹറം മുതൽക്കാണ്. 01.01.01 എന്ന് തുടങ്ങി എന്നത് അന്വേഷിക്കുമ്പോൾ അറിയാൻ കഴിയുന്നത് അത് 622 ജൂലായ് 15 ബുധനാഴ്ചയായിരുന്നു. അന്ന് ആഗോള സമയം 05.36ന്ന് ന്യൂമൂണോടെ സൂര്യഗ്രഹണവും സംഭവിച്ചു. സൂര്യാസ്തമയത്തിന്നുശേഷം 15 മിനുട്ട് കഴിഞ്ഞ് ചന്ദ്രൻ അസ്തമിച്ചു. അടുത്ത ദിവസം ഹിജ്റ ഒന്നാം വർഷം ഒന്നാംമാസം ഒന്നാം തിയതിയായി നിശ്ചയിച്ചു. ഇത് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡൽഹിയിലെ ആദം പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 'ഡിക്ഷനറി ഓഫ് ഇസ്ലാം' എന്ന പുസ്തകത്തിലും ഹിജ്റ കലണ്ടർ 15.7.622 ന്ന് ആരംഭിച്ചു എന്ന് പറയുന്നു. പക്ഷെ ഇന്ന് മുസ്‌ലിം ചരിത്രകാരൻമാർ പറയുന്നത് 16.7.622 വെള്ളിയാഴ്ചയാണ് ഹിജ്റ കലണ്ടറിലെ ഒന്നാം തിയതിയെന്നാണ്. ഇത് ഹിജ്റ കലണ്ടറിൽ കടന്നുകൂടിയ ജൂതായിസമാണ് കാണിക്കുന്നത്. 14-ാം നൂറ്റാണ്ടിലെ ഓട്ടോമൻ ഭരണകാലത്താണ് ജൂത-ക്രിസ്ത്യൻ സ്വാധീനം മൂലം പല ഇസ്ലാമിക് ചിഹ്നങ്ങളും മാറ്റിമറിക്കപ്പെട്ടത്. കലണ്ടർ തിയതി മാറ്റി, പ്രഭാതം മുതൽ ദിവസം തുടങ്ങുന്നു എന്ന മാനദണ്ഡം മഗ്‌രിബിലേക്ക് മാറ്റി. ഹിജ്റ കലണ്ടർ തന്നെ അവഗണിച്ച് ക്രിസ്ത്യൻ കലണ്ടർ മുസ്‌ലിം ലോകത്ത് നടപ്പിലാക്കി. തുർക്കിയിൽ നിന്നും ഒട്ടനവധി ജൂതായിസം ഇസ്ലാമിൽ കടന്നുകൂടി. പ്രമാണങ്ങളുമായി മാറ്റുരച്ച് അതിൽ പലതും നീക്കം ചെയ്ത് ദീനിനെ ശുദ്ധീകരിക്കാൻ ഇസ്ലാഹീ പ്രസ്ഥാനത്തിന് കഴിഞ്ഞു. പക്ഷെ, കലണ്ടറിന്റെ കാര്യത്തിൽ കൂടുതൽ അന്ധകാരത്തിലേക്കാണ് യാത്ര ചെയ്യുന്നത്.

നബി(സ)യുടെ ജീവിതം ഖുർആനായിരുന്നു എന്നാണ് ആയിശ(റ)പറഞ്ഞിട്ടുള്ളത്. ചന്ദ്രക്കലകൾ തിയതികൾ കാണിക്കുന്നതായും അവ ഹജ്ജിന്നുള്ള അടയാളങ്ങളാണെന്നും വി.ഖു 2: 189 ൽ പഠിപ്പിക്കുമ്പോൾ നബി(സ)അതനുസരിച്ച് മാത്രമേ ജീവിക്കുകയുള്ളു. അതല്ലാതെ ഊഹത്തെ പിന്തുടർന്നുവെന്നും കാലം തെറ്റി ആരാധന നടത്തിയെന്നും ആരോപിക്കാതിരിക്കുക. അതിന്ന് തെളിവന്വേഷിച്ച് സമയം കളയാതിരിക്കുകയെങ്കിലും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. നബി(സ)ഒരിക്കലും കാലം തെറ്റിച്ചിട്ടില്ല. തിയതികൾ കൃത്യമായി പാലിച്ചിരുന്നുവെന്ന് ഗവേഷണം തെളിയിക്കുന്നു. 'ഈലാഅ്' സംഭവം ഇത് തെളിയിക്കുന്നു. ഒരു മാസം ഭാര്യമാ

രിൽ നിന്ന് വിട്ടു നിൽക്കുമെന്ന് പറഞ്ഞ പ്രവാചകൻ 29-ാം ദിവസം ആയി ശ(റ)യുടെ അടുത്ത് വന്ന സന്ദർഭം. ജിബ്‌രീൽ(അ) നബി(സ)യെ അറിയിച്ചു. ആ മാസം 29 ദിവസങ്ങളേയുള്ളുവെന്ന്. അതല്ലെങ്കിൽ പ്രസ്തുത മാസം ഹിലാൽ കണ്ട് അടുത്ത ദിവസമേ നബി(സ)ക്ക് വീട്ടിൽ പോകാൻ കഴിയുമായിരുന്നുള്ളു.(അൽഫനാർ No.10)

### മുൻഗണനാ പ്രമാണമേത്?

എന്റെ മേൽ ലേഖനത്തിൽ ഏതെങ്കിലും സംഘടനയേയോ വ്യക്തിയേയോ വിമർശിക്കുകയുണ്ടായിട്ടില്ല. എന്നാൽ ശബാബ് ഒരു മനഃശാസ്ത്ര യുദ്ധത്തിനാണ് തയ്യാറായിരിക്കുന്നത്. പ്രമാണങ്ങളുടെ വെളിച്ചത്തിൽ മറുപടി പറയാൻ കഴിയാതെ വന്നപ്പോൾ എതിരാളിയെ വ്യക്തിഹത്യ നടത്തുന്ന പഴയ ഖണ്ഡന-വാദ പ്രതിവാദ അടവ് പ്രയോഗിച്ചു നോക്കുകയാണ് ശബാബ് ലേഖകർ. അത്തരം ചതിക്കുഴിയിൽ ഹിജ്റ കമ്മിറ്റി വീഴുകയില്ല. വ്യക്തിപരമായ അധിക്ഷേപങ്ങൾ മാറ്റിവെച്ച് പ്രമാണങ്ങളിലേക്ക് മടങ്ങുക. ഇസ്‌ലാമിൽ പ്രഥമവും പ്രധാനവുമായ പ്രമാണം ഖുർആനാണ്. അതുകഴിഞ്ഞ് നബി(സ)യുടെ സുന്നത്തും. ശേഷമാണ് ഇജ്മാഉം ഖിയാസും മറ്റും പരിഗണിക്കേണ്ടത് എന്നാണ് മുൻകാല ഇസ്‌ലാഹീ പണ്ഡിതൻമാരിൽ നിന്നും ഞാൻ പഠിച്ചിട്ടുള്ളത്. എന്നുമുതൽക്കാണ് ഖുർആനും സുന്നത്തും പരിഗണിക്കാതെ മുജാഹിദ് പ്രസ്ഥാനം പിൽക്കാല പണ്ഡിതൻമാരുടെയും ഇമാമുകളുടെയം അഭിപ്രായങ്ങൾക്ക് മുൻഗണന നൽകാൻ തുടങ്ങിയതെന്ന് ജംഇയ്യത്തുൽ ഉമല വ്യക്തമാക്കേണ്ടതുണ്ട്.

### പൂർവ്വീകരുടെ നിലപാട്

കഴിഞ്ഞ 35 വർഷക്കാലം ഇസ്‌ലാഹീ പ്രസ്ഥാനത്തിൽ പ്രവർത്തിച്ച എനിക്കതിന്റെ ചരിത്രമറിയാം. ഐക്യത്തിനുവേണ്ടി രൂപീകരിച്ച ഹിലാൽ കമ്മിറ്റി തന്നെ കൂടുതൽ ഭിന്നിപ്പിന്നു ഹേതുവായിത്തീർന്ന ദുഃഖ ചരിത്രവുമറിയാം. 1980 കളിൽ ധീരരും സത്യസന്ധരുമായിരുന്ന, വിജ്ഞാനത്തിന്റെ നിറകുടങ്ങളായിരുന്ന പണ്ഡിതശ്രേഷ്ഠരുടെ എഴുത്തും പ്രസംഗവുമാണ് മാസപ്പിറവിയുടെ ശാസ്ത്രീയതയും മതവിധിയും മനസ്സിലാക്കാൻ എന്നെയും മറ്റുപലരേയും സഹായിച്ചത്. 1982-ൽ ഫറോക്കിൽ നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിൽ പ്രസിദ്ധീകരിച്ച സോവനീറിൽ ടി.പി. കുട്ട്യാമു സാഹിബിന്റെയും പ്രൊഫസർ കെ.അഹമ്മദ് കുട്ടി സാഹിബിന്റെയും ലേഖനങ്ങൾ എന്നെ അഗാധമായി സ്വാധീനിച്ചു. ഹിജ്റ കമ്മിറ്റിയെ വിമർശിക്കാൻ വേണ്ടി ബോധപൂർവ്വം തെളിവുകൾ മെനഞ്ഞെടുക്കുന്നവർ പ്രസ്തുത സോവനീർ ഒരാവർത്തി വായിക്കണം. പ്രൊഫ. അഹമ്മദ് കുട്ടി സാഹിബ് എഴുതി “ഒരു ന്യൂമൂൺ സംഭവിക്കുന്നതോടെ പുതിയ മാസം പിറക്കുകയായി. പക്ഷെ പുതിയ ചന്ദ്രനെ(ഹിലാലിനെ)ഉടനെ കണ്ടെന്നുവരില്ല.” ഇതേകാര്യം മണ്ക്കുഫാൻ പറയുമ്പോൾ അദ്ദേഹം വിവരമില്ലാത്തവനാകുന്നതെങ്ങിനെയാണ്? കെ.സി.അബൂബക്കർ മൗലവി എന്ന മഹാപണ്ഡിതനെ കെ.ജെ.യുവിന്ന് ഓർമ്മയുണ്ടോ എന്തോ? കെ.സി.പല സ്റ്റേജുകളിലും പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. “നാം ഉമ്മിയ്യായ

സമുദായമാണ്. നമുക്ക് എഴുതാനും കണക്കുകൂട്ടാനും അറിയില്ല. അതിനാൽ ചന്ദ്രക്കലകൾ നോക്കി മാസപ്പിറവി നിശ്ചയിക്കുക" എന്ന ഹദീസ് ഉദ്ദരിച്ചു കൊണ്ട് അദ്ദേഹം സമർത്ഥിച്ചിട്ടുള്ളത്, കണക്കുകൂട്ടാൻ പഠിച്ചു കഴിഞ്ഞാൽ പിന്നെ മാസപ്പിറവി നോക്കേണ്ടതില്ല എന്നാണ്. ഫത്തഹുൽ ബാരിയിൽ ഇബ്നു ഹജർ അസ്ഖലാനിയും ഇതു തന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇതു മൗലവിമാർ നിഷേധിക്കുമോ?. ഇപ്പോഴത്തെ കെ.ജെ.യു.പ്രസിഡന്റ് പറയുന്നത് മാസപ്പിറവി സംബന്ധമായ കണക്ക് കൂട്ടാനേ പാടില്ല എന്നാണ്. അതിന്റെ അർഥമെന്നാണ്. എന്നിട്ടദ്ദേഹം തന്നെ കണക്കുകൂട്ടി ചന്ദ്രൻ 'ഇത്ര' മിനുട്ടുമുമ്പ് അസ്തമിക്കുന്നതിനാൽ മാസം പിറക്കുകയില്ല എന്ന് പ്രസ്താവനയുമിറക്കുന്നു. ഇങ്ങിനെ ഭാഗികമായി കണക്കുപറയാൻ തെളിവെന്തെന്നു ചോദിച്ചാൽ ചോദിച്ചയാളെ വിവരമില്ലാത്തവൻ എന്ന് വിളിച്ച് അധിക്ഷേപിക്കുകയും ചെയ്യുന്നു. കേരളത്തിലെ ഇസ്ലാമിക വൈജ്ഞാനിക രംഗത്ത് നക്ഷത്രങ്ങളെപ്പോലെ തിളങ്ങിയ പണ്ഡിതൻമാരുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. കണക്ക് സ്വീകാര്യമാണെന്നും ഗോളശാസ്ത്രക്കണക്ക് പ്രകാരം മാസപ്പിറവി തീരുമാനിക്കാവുന്നതാണെന്നും വാദിച്ച പണ്ഡിത ശ്രേഷ്ഠർ അനവധിയായിരുന്നു ഇസ്ലാഹീ പ്രസ്ഥാനത്തിൽ. പ്രസ്ഥാന സ്ഥാപക നേതാവായിരുന്ന ആദരണീയനായ കെ.എം.മൗലവി, ഹിന്ദു ദിനപത്രത്തിൽ കൊടുക്കുന്ന കണക്ക് പ്രകാരം നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടാൻ ഫത്വ നൽകിയിരുന്നു. ഇന്നോ? ഇന്ന് കണക്കുനോക്കാനേ പാടില്ലത്രെ.

പ്രമാണങ്ങളുടെ മുൻഗണനാക്രമം പഴയകാല ഇസ്ലാഹീ പണ്ഡിതൻമാർ പഠിപ്പിച്ചിട്ടുള്ളത് ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ് എന്ന ക്രമത്തിലാണ്. ഇപ്പോൾ തലതിരിച്ചാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്. ഖുർആൻ പരിഗണിക്കുന്നേ ഇല്ല. ഹദീസാണെങ്കിലോ മുൻകാല പണ്ഡിതൻമാർ നൽകിയ അർഥം മാറ്റി എഴുതുന്നു, എന്നു മാത്രമല്ല അവർക്ക് തെറ്റുപറ്റിയതാണെന്നും അബ്ദുൽ ഹമീദ് മദീനി എഴുതി വെച്ചിരിക്കുന്നു.

വളരെ വിനീതമായി പറയട്ടെ, ഞാൻ ഇന്നത്തെ ജംഇയ്യത്തുൽ ഉലമയുടെ അനുയായിയല്ല. കെ.എം.മൗലവി മുതൽ കെ.പി.മുഹമ്മദ് മൗലവി വരെയുള്ള ത്യാഗീവര്യരായ പണ്ഡിതൻമാർ എഴുതിയതും പ്രസംഗിച്ചതും കേട്ടും കണ്ടും പഠിച്ചും മനസ്സിലാക്കിയ ആശയങ്ങൾ ആണ് എന്റെ ലേഖനത്തിലുള്ളത്. ഞാൻ ഒരു പണ്ഡിതനല്ല. ഭാഷാപരിജ്ഞാനിയുമല്ല. ഇസ്ലാഹീ പണ്ഡിതൻമാർ എഴുതിയ ഗ്രന്ഥങ്ങളും ഖുർആൻ പരിഭാഷകളും അടിസ്ഥാനമാക്കിയാണ് ലേഖനം തയ്യാറാക്കുന്നത്. വല്ല തെറ്റും പറ്റിയാൽ അത് തിരുത്താൻ എനിക്കവകാശമുണ്ട്. ഞാൻ തിരിച്ചു ചോദിച്ച ലേഖനം തിരിച്ചുനൽകാതെ അതുതന്നെ പ്രസിദ്ധീകരിക്കുകയും ഞാൻ തിരുത്തലുകൾ ആവശ്യപ്പെട്ട ഭാഗം തിരഞ്ഞെടുത്ത് വിമർശിക്കുവാൻ മറ്റാളുകൾക്ക് നൽകുകയും, ഒരു മതവിശ്വാസിക്ക് പറ്റാത്തിവധം പരിഹസിക്കുന്ന ഇമെയിലുകൾ അയക്കുകയും മറ്റും ചെയ്യുന്നതിന്റെ ഉത്തരവാദിത്തം ശബാബിന്ന് ആയതിനാൽ അതിനെപ്പറ്റി പരാതി പറയാനും എനിക്കവകാശമുണ്ടെന്ന് ഞാൻ കരുതുന്നു. കാരണം 35 വർഷമായി ഞാൻ ഇസ്ലാഹീ

പ്രസ്ഥാന പ്രവർത്തകനാണ് എന്നതുതന്നെ.

### കോലാഹലമുണ്ടാക്കുന്നവരാർ?

അറഫ വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ എന്നത് വാദകോലാഹലമായി അവതരിപ്പിച്ചത് ശബാബും ജംഇയ്യത്തുൽ ഉലമയുമാണല്ലോ. അവർ ഉന്നയിച്ച വാദമുഖങ്ങൾ നമ്പറിട്ട് ഞാൻ മറുപടി നൽകിയത് ശബാബ് 178-ാം ലക്കത്തിൽ നിങ്ങൾ വായിച്ചു. അറഫ വ്യാഴാഴ്ചയാണ് എന്നു വന്നാൽ തീർച്ചയായും ന്യൂമൂൺ അഥവാ അമാവാസിവെച്ചാണ് മാസപ്പിറവി പരിഗണിച്ചത് എന്നുവന്നു. വെള്ളിയാഴ്ചയാണെങ്കിലോ? വെള്ളിയാഴ്ച ആവണമെങ്കിൽ നിങ്ങളുടെ ആശയപ്രകാരം ദുൽഖഅദ 29ന്ന് മഗ്രിബിന്ന് ഹിലാൽ കാണണം. എന്നാൽ ഒരു ലക്ഷം സ്വഹാബികളുടെ കൂടെ യാത്രയിലായിട്ടും നബി(സ) ദുൽഖഅദ 29 ന്ന് മഗ്രിബ് ജമാഅത്ത് നമസ്കാരം നീട്ടിവെച്ച് മാസം നോക്കിയതായി ഒരാൾപോലും റിപ്പോർട്ട് ചെയ്തിട്ടില്ല. നബി(സ)ആരെയെങ്കിലും 'മാസം നോക്കാൻ' ചുമതലപ്പെടുത്തിയതായും റിപ്പോർട്ടില്ല. പിന്നെയെങ്ങിനെ ദുൽഹിജ്ജ മാസപ്പിറവി തീരുമാനിച്ചുവെന്ന് കെ.ജെ.യു നേതാക്കളുടെ ലേഖനം മുന്നുതവണ വായിച്ചിട്ടും കാണാൻ സാധിച്ചിട്ടില്ല. ഹദീസ് വരുന്നേ എന്ന്, കൊട്ടിഘോഷിച്ചെങ്കിലും കിതാബിലെ ഒരു ഭാഗം മാത്രമാണ് കണ്ടത്. ഇതിനെ ഹദീസ് ആയി പണ്ഡിതൻമാർ പരിഗണിക്കുകയില്ല. ആന എന്ന് പറഞ്ഞു കുഴിയാനയെ കാണിച്ചാൽ അത് വിവരമുള്ള ശബാബ് വായനക്കാർ സ്വീകരിച്ചുകൊള്ളുമെന്നത് മൗഢ്യമാണ്. ആദ്യം മാസപ്പിറവി തീരുമാനിക്കാം. ഒന്നാം തിയതി നിശ്ചയിച്ചാലല്ലെ 9-ാം തിയ്യതി ഏതു ദിവസമായിരുന്നെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. അറഫ വ്യാഴാഴ്ചയായിരുന്നു എന്നു തെളിയിക്കുന്ന പത്തോളം തെളിവുകൾ ഞാൻ നിരത്തിയിരുന്നു. അതിൽ നിന്നും തിരഞ്ഞെടുത്ത് ചിലതിന് മറുപടിയെഴുതി തങ്ങൾ ജയിച്ചു എന്ന് സ്വയം പ്രഖ്യാപിക്കുന്നവർ താഴെ കൊടുക്കുന്ന വിശദീകരണം കൂടി ശ്രദ്ധിക്കുക.

**1.** മുസ്ലിം ലോകത്ത് ജീവിക്കുന്ന ഒരേയൊരു വ്യക്തി എന്നതു വ്യക്തികളിൽ ഒരാൾ എന്ന് തിരുത്തി എഴുതാൻ ഞാൻ ആവശ്യപ്പെട്ടിട്ട് അതുചെയ്യാതെ മൗലവിമാർക്ക് വിമർശിക്കാൻ അവസരമൊരുക്കുകയാണ് ശബാബ് ചെയ്തത്.

ശേഷം ലക്കം 19-ൽ ആ ഒരു തിരുത്ത് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിനാൽ ഈ പരാമർശത്തന് മറുപടി ആവശ്യമില്ല. യു.എ.ഇ ഭരണാധികാരി മാത്രമല്ല പലരും സമ്മേളനം ചേരുന്നുണ്ട്. പക്ഷെ വഞ്ചി തിരുനക്കര നിന്ന് 'അനങ്ങുന്നില്ല' എന്നുമാത്രം. കേരളത്തിൽ എത്ര സമ്മേളനങ്ങൾ നടന്നു. കെ.ജെ.യു. തന്നെ എത്ര സമ്മേളനങ്ങൾ നടത്തി. വഞ്ചി അനങ്ങിയോ? വി.ഖുർആൻ സൂറ: തൗബ 36-ാം ആയത്തിൽ കല്പിച്ചിട്ടുള്ള അല്ലാഹുവിന്റെ കിതാബിൽ രേഖപ്പെടുത്തിയ കലണ്ടർ ഭൂമിയിൽ പുനഃസ്ഥാപിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്തിട്ടുള്ളത് 'ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ' മാത്രമാണെന്ന് ലോകത്തിന്നറിയാം. അതല്ല മറ്റാരെങ്കിലും ഉണ്ടെങ്കിൽ കാണിച്ചു തന്നാൽ സന്തോഷമാണ്. സഊദി അറേബ്യപോലും കലണ്ടർ പ്രകാരമല്ല കാര്യങ്ങൾ നടത്തുന്നത്.

2. ഹിജ്റ കമ്മിറ്റിയുടെ പ്രതിഛായ തകർക്കാൻ ശബാബ് ശ്രമിച്ചാൽ വിജയിക്കുമെന്നു തോന്നുന്നില്ല. കാരണം ആക്ഷേപം പറയുന്നവരിൽ ഒരു വിശ്വാസം ജനങ്ങൾക്ക് വേണമല്ലോ? ഹിജ്റ കമ്മിറ്റി പറയുന്നത് ഖുർആനിന്റെ വെളിച്ചമാണ്. അത്, അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്. 'ഖാലയും ഖീലയും മാത്രമല്ലേ ശബാബിന്ന് ഖണ്ഡിതമായ പ്രമാണം. ഖുർആനിൽ നിന്നും ഒരായത്തുപോലും തെളിവായി ഉദ്ധരിച്ചുകണ്ടിട്ടില്ല. ഖുർആൻ പ്രമാണമല്ലാതായോ കെ.ജെ.യുവിന്.

3. ബലിപെരുന്നാൾ വെള്ളിയാഴ്ചയായിരുന്നു എന്ന ഇബ്നു അബ്ബാസിന്റെ റിപ്പോർട്ട് ശൈഖ് നാസറുദ്ദീൻ അൽബാനി ശരിവെച്ചതായി ഇബ്നു കസീർ(റ)തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നു." എന്ന എന്റെ ലേഖനത്തിലെ പരാമർശം 'ഇബ്നു കസീർ തഫ്സീറിൽ അടിക്കുറിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു' എന്ന് തിരുത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. അത് തിരുത്താതെ പ്രസിദ്ധീകരിച്ച് മറുപടി എഴുതി കേമത്തം നടിക്കുന്നത് അന്തസ്സാർന്ന നടപടിയല്ല. 25.10.10 ന് ഞാൻ ശബാബ് ഓഫീസിൽ നൽകിയ ലേഖനം ഒന്നരമാസം ഗവേഷണം നടത്തി മറുപടി തയ്യാറാക്കിയ ശേഷം ഡിസംബർ 3 ന് എന്റെ മറുപടിയും ഡിംസംബർ 10-ന് കേമമായി അതിനുള്ള മറുപടിയും പ്രസിദ്ധീകരിച്ചതിലെ തട്ടിപ്പ് വായനക്കാർ മനസ്സിലാക്കണം. ലേഖനങ്ങളും പുസ്തകങ്ങളും എഴുതിയപ്പോൾ സംഭവിച്ച ഭാഷാപരമായ തെറ്റുകൾ വ്യതിയാനങ്ങൾ ആക്കാൻ ശ്രമിച്ചതും ആയത് മനസ്സിലാക്കാൻ 19 പണ്ഡിതൻമാർ പുളിക്കലിൽ യോഗം ചേർന്നതും മറന്നുപോയോ? അവർ എടുത്ത തീരുമാനം എന്തായിരുന്നു?

തഫ്സീറിന്റെ പുതിയ പതിപ്പ് ഇറക്കിയവർ ഇബ്നു അബ്ബാസ്(റ)വിന്റെ ഹദീസ് സ്വഹീഹാണെന്ന് അറിയുന്നതുകൊണ്ട് ശൈഖ് അൽബാനി(റ) അതിനെ സാക്ഷ്യപ്പെടുത്തിയത് അടിക്കുറിപ്പായി നൽകി. പ്രസാധകർ രേഖപ്പെടുത്തിയത് മൂലഗ്രന്ഥകാരൻ രേഖപ്പെടുത്തിയതായി എഴുതിയ ഒരു ഭാഷാപരമായ പിശകാണോ അറഫ വെള്ളിയാഴ്ചയായിരുന്നു എന്നുള്ളതിന്ന് മൗലവിമാർക്ക് തെളിവ്? വിമർശകർ നിഷേധിക്കേണ്ടത് അൽബാനിയുടെ സാക്ഷ്യപ്പെടുത്തലിനെയാണ്. ഇബ്നു അബ്ബാസ്(റ)വിന്റെ റിപ്പോർട്ടിനെയാണ്. അതിന് തയ്യാറാണെങ്കിൽ മതിയായ തെളിവ് ഹാജറാക്കുക. ഇബ്നു കസീർ തന്റെ ഗ്രന്ഥത്തിൽ എഴുതിയത് എടുത്തുകാണിക്കാൻ ഒരു കോടി ഇനാം പ്രഖ്യാപിക്കുന്നില്ലപോലും. വെല്ലുവിളിയും ഇനാം പ്രഖ്യാപിക്കലുമെല്ലാം സ്വന്തം വാദത്തിന്റെ ബലഹീനത മൂടിവെക്കാനുള്ള ശ്രമത്തിന്റെ ഭാഗമെന്ന് മൗലവിമാർ പറയുന്നു. ധീരനായ പണ്ഡിതനായിരുന്നു ഉമർമൗലവി. മുൻ കെ.ജെ.യു.പ്രസിഡന്റ്. അദ്ദേഹം നബി(സ) നമസ്കാരശേഷം കൂട്ടുപ്രാർത്ഥന നടത്തിയതായ ഒരു ദുർബ്ബല ഹദീസെങ്കിലും ഹാജറാക്കുന്നവർക്ക് ഒരു ലക്ഷം രൂപ ഇനാം അന്നു പ്രഖ്യാപിച്ചിരുന്നു. ഈ മൗലവിമാരുടെ യുക്തിയിൽ അന്നത്തെ ജംഇയ്യത്തുൽ ഉലമയുടെ ബലഹീനത മൂടിവെച്ചതായിരിക്കാം ഉമർമൗലവി!!.

### വെല്ലുവിളി സർവ്വത്ര

"വിമർശിക്കുന്നവരോടൊക്കെ ഏറ്റുമുട്ടുന്ന നിലപാടാണ് പലപ്പോഴും

കണ്ടുവരുന്നത്." എന്ന് മൻസൂറലി ചെമ്മാട് വിമർശിച്ചിരിക്കുന്നു. പൂർണ മായും തെറ്റായ ഒരു പരാമർശമാണിത്. ജ.അലിമണിക്ഫാൻ ആരോടും ഏറ്റുമുട്ടാൻ പോയിട്ടില്ല. അദ്ദേഹത്തിന് പറയാനുള്ളത് അദ്ദേഹം പണ്ഡി തൻമാരെയും സാധാരണക്കാരേയും ഒരുപോലെ നേരിൽ കണ്ടു പറയുക യാണുണ്ടായത്. നിർഭാഗ്യവശാൽ കേരളത്തിലെ പണ്ഡിതസഭകളൊന്നും നവോത്ഥാനത്തിന്റെ കുത്തക അവകാശപ്പെടുന്നവരടക്കം അദ്ദേഹം പറ യുന്നത് കേൾക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായിട്ടില്ല. നേരിട്ട് വാദ പ്രതിവാദത്തിന്നാണ് ക്ഷണിച്ചത്. അതിലുപരിയായി ഹിജ്റ കമ്മിറ്റിയുട വീക്ഷണത്തെ വികലമായി ചിത്രീകരിച്ച് അതിന്ന് മറുപടി പറഞ്ഞ് ജന ങ്ങളെ വഴിതെറ്റിക്കുന്ന നിലപാടാണ് മുജാഹിദ് സംഘടനകൾ സ്വീകരിച്ച ത്. പ്രസ്തുത ഗൂഢാലോചനയെ ഞങ്ങൾ ശക്തിയുക്തം വിമർശിച്ചിട്ടു ണ്ട്. മണിക്ഫാൻ 'സഹർ' എന്നെഴുതിയതിനെ ദുഹർ എന്ന് തെറ്റായി അച്ചടിച്ച് അതിനെ വിമർശിച്ച് ലേഖനങ്ങളെഴുതിയ പാരമ്പര്യം ശബാബി ന്നുണ്ട്. അന്നും തെറ്റ് ചൂണ്ടിക്കാണിച്ചിട്ട് തിരുത്ത് കൊടുക്കാൻ ശബാബ് തയ്യാറായിരുന്നില്ല ഇപ്പോഴും അതേ തന്ത്രം തുടരുന്നു.

ഗവേഷണത്തിന്റെ ഭാഗമായല്ല ഗവേഷണത്തിന്റെ ഫലമായാണ് ഹിജ്റ കലണ്ടർ തയ്യാറാക്കിയത് എന്ന് മൻസൂറലി മനസ്സിലാക്കണം. കലണ്ട റിനെക്കുറിച്ച വിമർശനങ്ങളെല്ലാം അവഗണിച്ച് ദൈവികമെന്ന് വിശേഷി പ്പിക്കുന്നതിലെ അപകടവും പ്രമാണങ്ങളെ മറികടക്കുന്ന ഒരു പ്രായോഗി കതയും ദൈവികമായ ഇസ്‌ലാമിൽ ഇല്ലെന്ന യാഥാർത്ഥ്യവും പലപ്പോഴും ഈ സംഘടനയുടെ പ്രവർത്തകർ പരിഗണിച്ചിരുന്നില്ല' എന്ന മൻസൂറലി യുടെ പരാമർശം ശുദ്ധമായ അസംബന്ധമാണ്. കാരണം (1) കലണ്ടറി നെക്കുറിച്ച് കാര്യമായ ഒരു വിമർശനവും മുജാഹിദു സംഘടനകൾ ഇന്നു വരെ ഉന്നയിച്ചിട്ടില്ല. മറിച്ചു കലണ്ടർ ന്യൂമൂൺ അടിസ്ഥാനത്തിലെ ഉണ്ടാ ക്കുവാൻ കഴിയുകയുള്ളൂ എന്നും, കലണ്ടർ ആവാം പക്ഷെ നോമ്പും പെരുന്നാളും ഹിലാൽ കണ്ട് എന്നുമാണ് ഇതുവരെ വിമർശന പണ്ഡി തൻമാർ പറഞ്ഞിട്ടുള്ളത്. ഹിജ്റ കലണ്ടർ ദൈവ കല്പിതമാണെന്ന് വിശേ ഷിപ്പിക്കുന്നതിൽ എന്ത് അപകടമാണുള്ളതെന്ന് മൻസൂറലി പറയണം. പ്രമാ ണങ്ങളെ മറികടക്കുന്നു' എന്ന് അദ്ദേഹം എഴുതുന്നു. ഏതു പ്രമാണം. ഹിജ്റ കലണ്ടർ ഇസ്‌ലാമിലെ മൗലിക പ്രമാണമായ വി.ഖുർആനിലെ 9.36, 2:189, 10:5, 55:5, 17:12, 36:39 തുടങ്ങിയ വചനങ്ങളുടെ അടിസ്ഥാനത്തി ലാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ ആയത്തുകൾ എന്താണു പറയുന്നതെന്ന് മൻസൂറലി പഠിക്കണം. ഒരു കലണ്ടർ എന്നു പറഞ്ഞാൽ അത് ജീവിത ത്തിന്ന് ഉപയുക്തമാവണം. മതപരമായതോ, ഭൗതികമോ ആയ ഒരു കാര്യ ത്തിന്നും ഉപകാരപ്പെടാത്ത കുറെ അക്കങ്ങൾ ക്രിസ്ത്യൻ കലണ്ടറിന്റെ അടിയിൽ ചെറിയ വടിവിൽ രേഖപ്പെടുത്തി അതിനെ ഇസ്‌ലാമിന്റെ പേരിൽ പരിചയപ്പെടുത്തുന്നതാണ് യഥാർത്ഥത്തിൽ അപകടകരം. അതാണ് പ്രമാണങ്ങളെ മറികടക്കുന്നത്.

### ന്യൂമൂണിനെ ഓഹരി വെക്കുന്നു

15 വർഷം മുമ്പ് അറഫ വെള്ളിയാഴ്ചയാണെന്ന് മണിക്ഫാൻ എഴു

തിയതാണ് അറഫ വെള്ളിയാഴ്ചയാണ് എന്നതിന് ഒന്നാമത്തെ തെളിവായി മൗലവിമാർ ഹാജറാക്കിയിരിക്കുന്നത്. മാസപ്പിറവി നിശ്ചയിക്കുന്നതിൽ മുസ്‌ലിംകൾക്ക് വലിയ അബദ്ധം പിണഞ്ഞിട്ടുണ്ടെന്നും 29-ാം തിയ്യതി സൂര്യാസ്തമയശേഷം ഹിലാൽ കാണുക സാദ്ധ്യമല്ലെന്നും ഹിലാലിനെ നോക്കാനല്ല ഹിലാലുകളെ അഥവാ ചന്ദ്രന്റെ കാണാൻ സാധിക്കുന്ന എല്ലാ കലകളും നിരീക്ഷണം നടത്തിയാണ് നബി(സ)യുടെ കാലത്ത് തിയ്യതി നിശ്ചയിച്ചതെന്നും അത് കണക്കുകൂട്ടാൻ അറിയാതിരുന്നത് കൊണ്ടാണെന്നും കണക്കുകൂട്ടാൻ പഠിച്ചാൽ കലകൾ നോക്കേണ്ടതില്ലെന്നും കണക്ക് സ്വീകാര്യമാണെന്നും ഖുർആനിന്റെയും സുന്നത്തിന്റെയും പ്രകൃതിപഠനങ്ങളുടെയും അടിസ്ഥാനത്തിൽ മുസ്‌ലിം സമുദായത്തെ ബോധവത്കരക്കണം നടത്താൻ നബി(സ)യുടെ അറഫ ഏതു ദിവസത്തിലായിരുന്നു എന്ന് ഗവേഷണം നടത്തേണ്ടതില്ല. പരമ്പരാഗതമായി വിശ്വസിച്ചു വന്നത് ലേഖനങ്ങളിൽ എഴുതിക്കാണും. എന്നാൽ നബി(സ)യുടെ അറഫ വെള്ളിയാഴ്ചയായിരുന്നുവെന്നും അത് 29-ാം തിയതി മഗ്‌രിബിന്ന് ഹിലാൽ കാണുന്നതിന്നുള്ള തെളിവാണെന്ന് പറയുകയും ചെയ്യുമ്പോൾ അതിനെ കുറിച്ചു പഠിക്കേണ്ടിവരുന്നു. അങ്ങിനെ പഠിച്ചുവരുമ്പോൾ മനസ്സിലാവുന്നു. നബി(സ)യുടെ അറഫ വ്യാഴാഴ്ചയായിരുന്നു എന്ന്. കേരളത്തിലെ ജംഇയ്യത്തുൽ ഉലമ പ്രാവർത്തികമാക്കിയതുപോലെ സൂര്യാസ്തമയത്തിന് മുമ്പ് ചന്ദ്രൻ അസ്തമിച്ചാൽ അടുത്ത ദിവസം 30. സൂര്യാസ്തമയത്തിന് ശേഷം ചന്ദ്രനസ്തമിച്ചാൽ അടുത്ത ദിവസം ഒന്നാം തിയതി എന്ന തത്വം ഖണ്ഡിക്കാൻ വേണ്ടി മദീനയിൽ സൂര്യാസ്തമയ ശേഷം ചന്ദ്രക്കല പ്രത്യക്ഷമാവുന്നില്ല, ന്യൂമൂൺ സംഭവിക്കുമ്പോൾ അവിടെ അർദ്ധരാത്രിയാണ് എന്നു ഞാൻ എഴുതിയതിനെ ന്യൂമൂണിന്റെ പ്രാദേശിക സമയം പറഞ്ഞു എന്നു പറഞ്ഞു തള്ളേണ്ടതില്ല. ന്യൂമൂൺ സമയം പ്രാദേശിക സമയത്തിൽ പറയുന്നത് അശാസ്ത്രീയം തന്നെയാണ്. അറഫ വ്യാഴാഴ്ചയാവുമ്പോൾ ഇപ്പോൾ നടത്തിവരുന്ന ഹിലാൽ ദർശനം പക്കാ ബിദ്അത്താണ് എന്നും മക്കയിൽ ഫജ്റിന്റെ മുമ്പായി ന്യൂമൂൺ ഉണ്ടായാൽ അടുത്ത ദിവസം ഒന്നാം തിയതിയാണെന്നുമുള്ള ഹിജ്റ കമ്മിറ്റിയുടെ ആദർശം 100% ശരിയാണെന്നും തെളിയുന്നു. ഇത് സ്ഥാപിക്കാനാണ് ഞാൻ കെ.ജെ.യു.വിശ്വാസപ്രകാരമുള്ള ഹിലാലിന്റെ ജനനം വിശദീകരിച്ചത്. ദുർവ്യാഖ്യാനം ചെയ്ത് മാനം കാക്കാൻ ശ്രമിക്കുമ്പോൾ ഇത്തരം അബദ്ധങ്ങൾ സ്വാഭാവികമാണ്.

മൻസൂറലി സാഹിബ് എഴുതുന്നു. "ആഗോള സമയം ഒരു ഞായറാഴ്ച 23.50 ന് ന്യൂമൂൺ സംഭവിക്കുന്നുവെന്ന് കരുതുക. സ്വാഭാവികമായും ഹിജ്റ കമ്മിറ്റിയുടെ വാദമനുസരിച്ച് തിങ്കളാഴ്ച ലോകമെമ്പാടും ഒന്നാം തിയ്യതിയാവും. എന്നാൽ ഞായറാഴ്ച ഒരു സൂര്യഗ്രഹണം കൂടി സംഭവിക്കുന്നുവെന്ന് വെക്കുക. ന്യൂമൂണും സൂര്യഗ്രഹണവും ഒന്നു തന്നെയാണല്ലോ. ഞായറാഴ്ച 23.50 എന്നത് വെല്ലിങ്ടണിൽ പ്രാദേശിക സമയം തിങ്കളാഴ്ച ഉച്ചക്ക് 11.50 ന്നാണ്. ഒന്നാം തിയതിയിലേക്ക് പ്രവേശിച്ച് എത്രയോ മണിക്കൂറുകൾ കഴിഞ്ഞാണ് അതേ ഒന്നാം തിയ്യതിയുടെ ആരംഭമാനദണ്ഡമായ ന്യൂമൂൺ അവർക്കനുഭവപ്പെട്ടത്. ഇപ്രകാരം മാസങ്ങളെ പിന്നോട്ടു

മാറ്റാൻ എന്ത് തെളിവാണ് മതത്തിലുള്ളത്"

**ശാഫിഈ(റ) എന്തുപറയുന്നു.**

ഭൂമിശാസ്ത്രവും, ഗോളശാസ്ത്രവും നാവിഗേഷനും മറ്റും പഠിച്ച പണ്ഡിതന്മാർ ചർച്ച ചെയ്യേണ്ടുന്ന വിഷയമാണിത്. ഒരു ഖണ്ഡിക കൊണ്ട് വിശദീകരിക്കാൻ കഴിയില്ല. ആയതിനാൽ കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഹിജ്റ കമ്മിറ്റിയുമായി ബന്ധപ്പെടുക. മതപരമായ ഇതിന്റെ വിധി ഇമാം ശാഫിഈ(റ)സംശയത്തിന്നിടയില്ലാത്ത വിധം വിശദീകരിച്ചിട്ടുണ്ട്.

**وفى رد على أهل الهيئة لأنهم يزعمون أنه لا يقع فى الأوقات المذكورة وقد فرض الشافعى وقوع العيد والكسوف معا واعترضه بعض من اعتمد على قول أهل الهيئة وانتدب أصحاب الشافعى لدفع قول المعترض فاصابوا**

ഗോളശാസ്ത്രജ്ഞൻമാർ മേൽ പറഞ്ഞതുപോലുള്ള സമയങ്ങളിൽ മാസപ്പിറവി ആയിത്തീരുകയില്ലെന്നു വാദിച്ചിരുന്നു. എന്നാൽ ഈദും ഗ്രഹണങ്ങളും ഒരുമിച്ചുണ്ടാകുമെന്ന് ഇമാം ശാഫിഈ(റ) ഉറപ്പിച്ചു പറഞ്ഞു. അപ്പോൾ ശാസ്ത്രാവലംബികളായിരുന്നവർ അതിനെ എതിർത്തപ്പോൾ ശാഫിഈ(റ)യുടെ ശിഷ്യൻമാർ അതിനെ ഖണ്ഡിക്കുകയും അപ്രകാരം സംഭവിച്ചത് സ്ഥിരീകരിക്കുകയും ചെയ്തു." (ഫത്തഹുൽ ബാരി വാള്യം: 3, പേജ്: 634).

ഒരു പെരുന്നാളിന്റെ ന്യൂമൂണാണ് 23.50 ന്ന് ഉണ്ടായതെങ്കിൽ അവിടെ ഗ്രഹണം സംഭവിക്കുമ്പോൾ വെല്ലിംഗ്ടണിൽ ഈദ്ഗാഹ് നടത്തിയിരിക്കും. അത് ശരിയാണെന്ന് ഇമാം ശാഫിഈ(റ)പറയുന്നത് ഏതു നൂറ്റാണ്ടിലാണെന്ന് ഓർക്കണം. ദിനമാറ്റരേഖ സ്ഥിതി ചെയ്യുന്ന പ്രസ്തുത പ്രദേശത്ത് പടിഞ്ഞാറിന്റെ നിയമം കിഴക്കിന്ന് ബാധകമല്ലെന്നും ഇമാം ശാഫിഈ(റ) വ്യക്തമാക്കിയിട്ടുണ്ട്. മഗ്രിബിന് ഹിലാൽ കാണണമെന്ന വാദത്തിനും ന്യൂമൂണിന്ന് ഇസ്ലാമിൽ എന്ത് പ്രസക്തി എന്ന് ചോദിക്കുന്നവർക്കും കൂടിയുള്ള മറുപടിയാണ് ഇമാം ശാഫിഈയുടെ ഫത്വ. ന്യൂമൂണിന്റെ തെളിവായാണല്ലോ അറഫ കൊണ്ടുവന്നത്. ആദ്യം അറഫ ഒന്നുകൂടി പരിശോധിക്കാം: ശേഷം ന്യൂമൂണും.

**അറഫ വ്യാഴാഴ്ച തന്നെ**

ഇവിടെ രണ്ടുതരം പ്രയോഗങ്ങൾ ഹദീസിൽ വന്നിട്ടുണ്ട്. ഉമർ(റ)വിൽ നിന്ന് തന്നെ രണ്ട് റിപ്പോർട്ടും ഉണ്ടായിട്ടുണ്ട്. യൗമുൽ ജുമുഅ എന്നും

ലൈലത്തുൽ ജുമുഅ എന്നും. ഇത് രണ്ടും ഒന്നാണെന്നാണ് മൗലവിമാർ പറയുന്നത്. “യൗമുൽ ജുമുഅ’ എന്നാൽ വെള്ളിയാഴ്ച: ‘യൗമു ജംഇ’ എന്നു പറഞ്ഞാൽ ആളുകൾ ഒരുമിച്ചു കൂടിയ ദിനം. സൂറ ശംസിലെ ‘യൗമുൽ ജംഇ’ പരലോകത്ത് ഒരുമിച്ചു കൂടുന്നതിനെ സംബന്ധിച്ചതാണ്. സൂറ ഖിയാമയിൽ 7-9 ആയത്തുകളിൽ ചന്ദ്രന് ഗ്രഹണം സംഭവിക്കുകയും സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ(ജൂമിഅശ്ശംസ് വൽഖമർ) എന്നു പ്രയോഗിച്ചതും കാണാം. ലൈലത്തുൽ ജുമുഅ എന്നാൽ വെള്ളിയാഴ്ചരാവ്. ‘ഈവ്’ എന്ന് ഇംഗ്ലീഷിൽ പറയുന്നു. കല്യാണരാവ്, പെരുന്നാൾ രാവ്, വെള്ളിയാഴ്ച രാവ്. അതേ പോലെ വെള്ളിയാഴ്ച രാത്രി എന്നു പറയുന്നത് വെള്ളി പകൽ കഴിഞ്ഞു വരുന്ന രാത്രിയെയാണ്. എന്നാൽ ലൈലത്തുൽ ജുമുഅ എന്നതിന്ന് വെള്ളിയാഴ്ച ദിവസം എന്നാണ് മൗലവിമാർ അർഥം നൽകുന്നത്. ഇതൊരനർഥമാണ്. ഓരോ സന്ദർഭം വരുമ്പോൾ ഓരോ തരം അർഥം പറയരുത്. ‘ലൈലത്തുൽ ഖദർ’ ഒറ്റ രാത്രികളിലാണ്. ഉദാഹരണത്തിന് റമദാൻ 27 പകലിന്നു മുമ്പുള്ള രാത്രിയോ ശേഷമുള്ള രാത്രിയോ 27-ാം രാവ്? പകലിന്നു ശേഷമുള്ള രാത്രിയാണെങ്കിൽ 29-ാം രാവ് എന്നായിരിക്കും. പെരുന്നാളിന്റെ മുമ്പുള്ള രാത്രിയൊ ? നോമ്പിന്റെ രാവുകൾ നോമ്പിന്റെ മുമ്പിലുള്ള രാത്രിയാണ്. നോമ്പ് കഴിഞ്ഞുള്ള രാത്രിയല്ല. 30-ാം നോമ്പ് കഴിഞ്ഞുള്ള രാത്രി. “ലൈലത്തുൽ ഈദ്” ആണ്. അബ്ദുൽ ഹമീദ് മദീനിയുടെ ന്യൂമൂണും മാസപ്പിറവിയും എന്ന പുസ്തകത്തിൽ (പേജ് 129) ആയിശാ(റ)യിൽ നിന്നുള്ള ഒരു ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. അബൂബക്കർ(റ)രോഗ ശയ്യയിൽ വെച്ച് ആയിശ(റ)യുമായി നടത്തിയ സംഭാഷണമാണ്. നബി(സ)വഫാത്തായ തിങ്കളാഴ്ച തന്നെ തനിക്കും മരണപ്പെടണമെന്ന ആഗ്രഹം അബൂബക്കർ(റ)പ്രകടിപ്പിക്കുന്നു. ശേഷം ആയിശ(റ)പറയുന്നത്. “തിങ്കളാഴ്ച വൈകി സിദ്ധീഖ്(റ)വഫാതായി. അന്നു രാത്രി ചൊവ്വാഴ്ചയുടെ സുബ്ഹിന്നു മുമ്പായി കബറടക്കി” എന്നാണ്. ഇവിടെ ചൊവ്വാവ്ചരാവ് എന്ന അർഥത്തിൽ (ലൈലത്തു സലാസ) എന്നാണ് പറയുന്നത്. മദീനി ഹദീസിനെ ഇങ്ങിനെ പരിഭാഷപ്പെടുത്തുന്നു. അങ്ങനെ അദ്ദേഹം(തിങ്കളാഴ്ച വൈകുന്നേരം) ചൊവ്വാഴ്ച രാത്രി മരണപ്പെടുകയും സുബ്ഹിന്റെ മുമ്പ് അദ്ദേഹത്തെ ഖബർ അടക്കുകയും ചെയ്തു.(ബുഖാരി). “തിങ്കളാഴ്ച അസ്തമിച്ച രാത്രിക്കാണ് ആയിശ(റ)ചൊവ്വാഴ്ച രാത്രി എന്നു വ്യക്തമായി പറഞ്ഞത്.”(പേജ്: 130). ഇസ്ലാമിൽ ദിനം ആരംഭിക്കുന്നത് ഫജർ മുതൽക്കാണ് എന്നതിന്റെ കൂടി തെളിവാണ് മേൽ സംഭവം.

വളരെ വ്യക്തമാണ് മദീനി പറഞ്ഞത്. തിങ്കളാഴ്ച അസ്തമിച്ച രാത്രിക്കാണ് ചൊവ്വാഴ്ചരാവ് എന്നു പറയുന്നത്. വ്യാഴാഴ്ച അസ്തമിച്ച രാത്രിക്ക് വെള്ളിയാഴ്ച രാവ് എന്നും പറയുന്നു. ബുഖാരിയിൽ ധാരാളമായി ഉദ്ധരിച്ച ഹദീസ് ലൈലത്തുൽ ജുമുഅ(വെള്ളിയാഴ്ച രാവ്) എന്നാണ്. ഇബ്നു അബ്ബാസ്(റ)പറഞ്ഞിട്ടുള്ളത് ബലിപെരുന്നാൾ വെള്ളിയാഴ്ചയാണ് എന്നാണ്. അതായത് അറഫ വ്യാഴാഴ്ച. ഉമർ(റ)യിൽ നിന്നും റിപ്പോർട്ട് ചെയ്ത ധാരാളം ഹദീസുകളിൽ ലൈലത്തുൽ ജുമുഅ എന്നാണുള്ളത്. യൗമുൽ ജുമുഅ എന്ന ഉമർ(റ)ന്റെ ഹദീസിനെ ഈ സാഹചര്യത്തിൽ പരിഗണി

ക്കുമ്പോൾ "ആളുകൾ സമ്മേളിച്ച അറഫാദിനം" എന്നു മനസ്സിലാക്കുന്ന താണ് യുക്തഭദ്രം. വ്യാഴാഴ്ചയുടെ പ്രാധാന്യം ഉൾക്കൊള്ളാതെ രാജാക്കൻമാർ ചരിത്രം മാറ്റി വെള്ളിയാഴ്ചയെന്ന് തിരുത്തി എഴുതുകയും അതിന് ശേഷം ജനിച്ച പണ്ഡിതൻമാർ ഉമർ(റ)വിന്റെ ഹദീസ് വെള്ളി യാഴ്ച എന്ന് അർഥം നൽകിയതായും മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

നബി(സ)യുടെ ജന്മദിനവും ഇത്തരത്തിൽ മാറ്റം വന്നതാണ്. നബി(സ)ജനിച്ച ദിവസം ഒരു ചന്ദ്രഗ്രഹണമുണ്ടായതായും അന്ന് പൗർണമി ആയിരുന്നെന്നും ചരിത്രത്തിലുണ്ട്. ബദറുൽ ഹുദാ മൗലിദിലുള്ളത്. അതായത് നബി(സ)ജനിച്ചത് റ.അവ്വൽ 14 തിങ്കളാഴ്ച പ്രഭാതത്തിലായിരുന്നു. ഹിജ്റ വർഷാരംഭമായ 1.1.1 ഉം അറഫയും മറ്റും തെറ്റിയതുപോലെ നബി ദിനവും തെറ്റിയിട്ടുണ്ട്. ന്യൂമൂൺ അടിസ്ഥാനത്തിൽ കണക്കു കൂട്ടിയാൽ BH.56 റ.അവ്വൽ 14 തിങ്കളാഴ്ച ആയിരുന്നു നബി(സ)ഭൂജാതനായത് എന്നത് സ്ഥിരപ്പെടുന്നതാണ്. പണ്ഡിതൻമാർക്കും തെറ്റുപറ്റുമെന്ന് മദീനി തന്നെ എഴുതിയിട്ടുണ്ടല്ലോ. അതല്ല വെള്ളിയാഴ്ച അറഫ ആവണമെങ്കിൽ മദീനിയുടെ വിശ്വാസപ്രകാരം ദുൽഖഅദ് 29 ന് മാസം കാണണമല്ലോ. മാസം കണ്ടതായി തെളിവില്ല. ഉണ്ടെങ്കിൽ ആ പ്രമാണം ഉദ്ധരിക്കട്ടെ. 30 പൂർത്തി യാക്കിയാൽ അറഫ ശനിയാഴ്ചയാവണം. അതാരും അംഗീകരിക്കുന്നില്ല. അതിനാൽ നമുക്ക് ഉറപ്പിച്ചുപറയാം യൗമുഅറഫ വ്യാഴാഴ്ചയായിരുന്നു. 'അൽയൗമ അക്മൽത്തു ലക്കും' എന്ന ആയത് അറഫ ദിനത്തിൽ വൈകീട്ടാണ് അവതരിച്ചത്. അങ്ങിനെ വരുമ്പോൾ തീർച്ചയായും ന്യൂമൂണിന്റെ പിറ്റേദിവസം ദുൽഹിജ്ജ ഒന്നാം തിയതിയായിരുന്നു. ന്യൂമൂണിന്റെ കണക്ക് അക്കാലത്ത് അല്ലാഹു വെളിപ്പെടുത്തിയിട്ടില്ല പിന്നെ എങ്ങനെ മാസപ്പി റവി നിശ്ചയിച്ചത് ന്യൂമൂണിന്റെ അടിസ്ഥാനത്തിലാണെന്ന് പറയാനാവും എന്നൊരു സംശയം ഉണ്ടാവാം. നബി(സ)ജീവിതം എങ്ങിനെയായിരുന്നു എന്ന സംശയത്തിന് ആയിശ(റ)പറഞ്ഞു. "നബി(സ)യുടെ ജീവിതം ഖുർആനായിരുന്നു" എന്ന്. ഖുർആൻ നബി(സ)യിലൂടെ അല്ലാഹു(സു)അവതരിപ്പിച്ചു. അത് അക്ഷരം പ്രതി കണിശമായി പാലിക്കുന്നവരാണ് മുസ്ലിംകൾ. ഖുർആനിന്നെതിരായി നബി(സ)പ്രവർത്തിച്ചു എന്ന് ചിന്തിക്കുന്നതുപോലും പാപമാണ്.

അപ്പോൾ ഹജ്ജിന്റെ തിയതി നിശ്ചയിക്കുന്നതിൽ ഖുർആൻ എന്തു പറയുന്നു എന്ന് പരിശോധിക്കണം. അതിന്നനുസരിച്ച് ഹദീസുകൾ വ്യാഖ്യാനിക്കണം. ഖുർആൻ 2:189 ൽ പറഞ്ഞു. "ചന്ദ്രക്കലകൾ (അഹില്ല) മനുഷ്യർക്ക് പൊതു ആവശ്യങ്ങൾക്കും ഹജ്ജിന്റെ കാലം നിശ്ചയിക്കുന്ന തിന്നും തിയതികൾ കാണിക്കുന്നു" എന്ന്. ചന്ദ്രക്കലകൾ ഒന്നുമുതൽ എണ്ണി 8-ാം ദിവസം 'യൗമുത്തർവിയ' 9-ാം ദിവസം യൗമു അറഫ 10-ാം ദിവസം 'യൗമുന്നഹർ' 11, 12, 13 'അയ്യാമുത്തശ്രീഖ്' 14, 15, 16 'അയ്യാമുൽ ബീള്.(അയ്യാമുൽ ബീള് നോമ്പിന്റെ കാലമാണ്. അയ്യാമുത്തശ്രീഖ് പെരുന്നാളിന്റെയും). തശ്രീഖും, ബീളും പരസ്പരം കൂട്ടിച്ചേർക്കാൻ പാടില്ല.

അത് ഖുർആൻ പാഠത്തിന്നു വിരുദ്ധമാണ്. ഖുർആനിക നിയമം, ശാസ്ത്രീയമാണ്, പ്രകൃതിദത്തമാണ്. ഇത് പ്രവാചകതിരുമേനി(സ)ലംഘിച്ചു എന്നാണ് മൗലവിമാർ തെളിയിക്കാൻ വിഫലശ്രമം നടത്തി നോക്കിയത് (നഊദു ബില്ല) ഞങ്ങളതു വിശ്വസിക്കുന്നില്ല. കാരണം പ്രവാചക ജീവിതം ഖുർആനികമാണ്. ഒരിക്കലും ചന്ദ്രക്കലകൾ കാണിച്ചു തരുന്ന തിയതി തെറ്റിച്ച് നബി(സ)ഹജ്ജ് നടത്തുകയില്ല. നബി(സ)യുടെ ഹജ്ജ് വ്യാഴാഴ്ച തന്നെയായിരുന്നു.

### ന്യൂമൂണിന് ഇസ്‌ലാമിൽ സ്ഥാനമുണ്ടോ?

ന്യൂമൂൺ കലണ്ടർ വാദത്തിന്റെ നട്ടെല്ലൊടിഞ്ഞുകിടക്കുമെന്ന ഒരു വാചകം മൗലവിമാർക്ക് എങ്ങിനെ എഴുതാൻ സാധിച്ചു എന്നാണ് അത്ഭുതപ്പെടുത്തുന്നത്. ഒരു കലണ്ടർ ഉണ്ടാക്കണമെങ്കിൽ അതിലെ ദിവസങ്ങൾ, മാസങ്ങളുടെ തുടക്കം തുടങ്ങിയവയുടെ ഹിസാബ്(Calculation)നടത്തൽ നിർബന്ധമാണ്. ഹിസാബ് ന്യൂമൂൺ അടിസ്ഥാനത്തിലെ കഴിയൂ എന്ന് ഹിജ്റ കമ്മിറ്റിയുമായി സംവാദം നടത്തിയ ഇസ്‌ലാഹീ പണ്ഡിതൻമാർ തന്നെ സമ്മതിച്ചിട്ടുണ്ട്. നോമ്പിന്നും പെരുന്നാളിന്നും കണക്ക് പറ്റില്ല, കാഴ്ച വേണം എന്നേ അവർ പറഞ്ഞിട്ടുള്ളൂ. ന്യൂമൂൺ കലണ്ടർ അല്ലാതെ കാഴ്ചയുടെ കലണ്ടർ ഉണ്ടാക്കാൻ കഴിയില്ലെന്ന് ശബാബ്-സുല്ലമുസ്സലാം കലണ്ടർ തന്നെ തെളിവല്ലെ? നിങ്ങളുടെ കലണ്ടറുകളിലെ തിയതിയും ആരാധനാനുഷ്ഠാനങ്ങൾ നടത്തുന്നതും തമ്മിൽ യാതൊരു ബന്ധവുമില്ലല്ലോ. മൗലവിമാർക്ക് കഴിയുമെങ്കിൽ ഒരു കാഴ്ച കലണ്ടർ തയ്യാറാക്കി അവതരിപ്പിക്കണം. നിങ്ങൾക്കതിന് കഴിയില്ല. ന്യൂമൂണിനെ സംബന്ധിച്ച മൗലവിമാരുടെ അഭിപ്രായങ്ങളും യാഥാർത്ഥ വസ്തുതകളും താഴെ വിവരിക്കാം. കാരണം ചന്ദ്രമാസത്തിന്റെ സ്റ്റാർട്ടിംഗ് പോയന്റ് ആണ് വിഷയമർമ്മം എന്ന് അവർ വ്യക്തമാക്കിയിട്ടുണ്ട്. അതാണ് സത്യം. അറഫയുടെ ദിവസം ചർച്ചയാവുന്നത് വിഷയ മർമത്തിന്നുള്ള തെളിവായിട്ടാണല്ലോ?

### 1. അസ്ട്രോണമിക്കൽ ന്യൂമൂണോ ക്രസന്റ് ന്യൂമൂണോ?

ന്യൂമൂണിന് ഇങ്ങിനെ ഒരു വിഭജനം ശരിയല്ല. രണ്ടു ന്യൂമൂണും ഒന്നു തന്നെയാണ്. ചന്ദ്രൻ ഒരു മാസം കൊണ്ട് ഭൂമിയെ ഒരു പ്രാവശ്യം വലംവെയ്ക്കുന്നു. സൂര്യനും ഭൂമിയ്ക്കും ഇടയിൽ ചന്ദ്രൻ ഒരു നേർരേഖയിൽ എത്തുമ്പോഴാണ് സൂര്യഗ്രഹണം, ന്യൂമൂൺ, കൺചക്ഷൻ എന്നെല്ലാം പറയുന്ന പ്രതിഭാസം നടക്കുന്നത്. ന്യൂമൂണിന് മുമ്പ് സൂര്യപ്രകാശം ചന്ദ്രന്റെ കിഴക്കുവശത്തു തട്ടുന്നതിനാൽ അതിന്റെ രണ്ടറ്റം പടിഞ്ഞാറോട്ട് ലക്ഷ്യമിടുന്നു. ന്യൂമൂൺ നടന്നു കഴിഞ്ഞാൽ സൂര്യപ്രകാശം ചന്ദ്രന്റെ പടിഞ്ഞാറുവശത്ത് തട്ടുന്നതിനാൽ അതിന്റെ രണ്ടറ്റം കിഴക്കോട്ടു ലക്ഷ്യമിടുന്നു. ഇങ്ങനെ ക്രസന്റിന്റെ രൂപം ന്യൂമോ

ണോടു കൂടി മാറുന്നു.

ന്യൂമൂണും ചന്ദ്രക്കലയും സംബന്ധിച്ച് ഒരു പാട് അബദ്ധധാരണകൾ മൗലവിമാർക്കുണ്ട്. ശാസ്ത്രപണ്ഡിതൻമാരെ സമീപിച്ച് കാര്യം പഠിക്കുക മാത്രമാണ് പ്രതിവിധി. ന്യൂമൂണിനു ശേഷം 16 മണിക്കൂർ കഴിഞ്ഞ് പടിഞ്ഞാറൻ ചക്രവാളത്തിൽ ഉദയം ചെയ്യുന്നതാണ് നവചന്ദ്രൻ എന്ന് അബ്ദുൽ ഹമീദ് മദീനി തന്റെ പുസ്തകത്തിൽ(പേജ് 38) പറയുന്നത് ഭീമാബദ്ധമാണ്. ന്യൂമൂൺ സംഭവിക്കുന്നതോടുകൂടി ഹിലാലും ജനിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. മാത്രമല്ല, ചന്ദ്രൻ പടിഞ്ഞാറ് ഉദയം ചെയ്യുന്നില്ല, കിഴക്കാണ് ഉദിക്കുന്നത്. പടിഞ്ഞാറ് അസ്തമിക്കുകയുമാണ്. മഗ്‌രിബ് എന്നാൽ തന്നെ അസ്തമിക്കുക, അസ്തമിക്കുന്നത് എന്നെല്ലാമാണു അർത്ഥമെന്നുപോലും മൗലവി മറന്നുപോയി. സംശയമുണ്ടെങ്കിൽ 1982ലെ ഫറോക്ക് മുജാഹിദ് സമ്മേളന സോവനീറിൽ പ്രൊഫ.കെ.അഹമ്മദ് കുട്ടി സാഹിബ് എഴുതിയ ലേഖനം ഒരാവർത്തി വായിച്ചു നോക്കുക. അദ്ദേഹം എഴുതുന്നു. "ന്യൂമൂൺ സംഭവിക്കുന്നതോടെ പുതിയ മാസം പിറക്കുകയായി. ഒരു ന്യൂമൂണിനു ശേഷം ഹിലാൽ ദൃശ്യമാകുവാൻ അടുത്ത സൂര്യാസ്തമയം വരെ കാത്തിരിക്കണം."(പേജ് 102). ഒരു സ്ഥലത്ത് ന്യൂമൂൺ സംഭവിക്കുമ്പോൾ സൂര്യാസ്തമയം നടക്കുന്ന സ്ഥലത്ത് ഹിലാൽ പ്രത്യക്ഷപ്പെടുന്നു. അഹമ്മദ് കുട്ടി സാഹിബിനേക്കാൾ ഗോളശാസ്ത്രം പഠിച്ചവരാണോ ഇപ്പോഴത്തെ കെ.ജെ.യുവിലുള്ളതെന്ന് എനിക്കറിഞ്ഞുകൂടാ. അഹമ്മദ് കുട്ടി സാഹിബ് ഹിലാൽ കമ്മിറ്റി രൂപീകരിച്ചതു മുതൽ അദ്ദേഹം മരിക്കുവോളം അതിന്റെ ജനറൽ സെക്രട്ടറിയായിരുന്നു എന്നാണറിവ്. കണക്ക് സ്വീകാര്യമാണെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്, പ്രസംഗിച്ചിട്ടുണ്ട്. പക്ഷെ ന്യൂമൂൺ പ്രാദേശിക സമയത്തിലേക്ക് മാറ്റിപ്പറയുന്നത് ശരിയല്ലെന്ന് ഞങ്ങൾ അദ്ദേഹത്തെ അറിയിച്ചിരുന്നുവെങ്കിലും അതേക്കുറിച്ചു പഠിക്കാൻ അദ്ദേഹത്തിനു സമയം ലഭിച്ചില്ല.(അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ).

ശാസ്ത്രീയ ഹിജ്റ കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ അലിമണിക്ഫാനിനെ ഉപദേശിച്ചത് അഹമ്മദ് കുട്ടിസാഹിബാണ്. ഹിജ്റ കലണ്ടറിന്റെ ആദ്യ പ്രതി കെ.ജെ.യു മുൻ പ്രസിഡന്റ് മർഹൂം കെ.ഉമർ മൗലവിക്കു നൽകിക്കൊണ്ട് ശൈഖ് അബ്ദുസ്സമദ് അൽ ഖാതിബ് ആണു പ്രകാശനം ചെയ്തിട്ടുള്ളത്. എന്നതും പ്രസ്താവ്യമാണ്.

(ശബാബ് കലണ്ടറും ന്യൂമൂണിന്റെ അടുത്ത ദിവസം പുതുമാസം തുടങ്ങിയതായി രേഖപ്പെടുത്തുന്നുണ്ട്. ഉദാഹരണം കാണുക(മനസ്സിലാകുന്നതിന് പ്രാദേശിക സമയവും നൽകിയിരിക്കുന്നു).

| ക്രിസ്ത്യൻ കലണ്ടറിലെ തിയതി | ന്യൂമൂൺ ആഗോള സമയത്തിൽ | ന്യൂമൂൺ ഇന്ത്യൻ സമയത്തിൽ | കോഴിക്കോട്ട് സൂര്യാസ്തമയം | കോഴിക്കോട് ചന്ദ്രാസ്തമയം | ഹിജ്റ മാസാരംഭം | |
|---|---|---|---|---|---|---|
| | | | | | ശബാബ് സുല്ലമുസ്സലാം കലണ്ടറുകളിൽ | ഹിജ്റ കലണ്ടറിൽ |
| 15.01.2010 മുഹററം-29 | 7.11 | 12.41pm | 06.22 | 06.30 | 16.01.2010 ന് മുഹററം 01 | 16.01.10 ന് മുഹററം 01 |
| 06.11.2010 ദുൽഖഅദ 29 | 04.52 | 10.22am | 06.01 | 06.05 | 07.11.10 ന് ദുൽഹിജ്ജ 1 കെ.ജെ.യുവിന് ദൽഖഅദ 30 | 07.11.10 ന് ദുൽഹിജജ -01 |
| 04.01.2011 മുഹററം 29 | 09.03 | 02.33pm | 06.18 | 06.23 | 05.1.11 ന് സഫർ -1 | 05.1.11 ന് സഫർ -1 |
| 01.07.2011 റജബ്-29 | 08.54 | 02.24pm | 06.54 | 06.58 | 2.7.2011 ശഅബാൻ-1 | 2.7.11 ന് ശഅബാൻ-1 |
| 29.08.2011 റമളാൻ-30 | 03.04 | 08.34am | 06.39 | 06.44 | 30.8.2011 ന് ശവ്വാൽ -1 | 30.8.11 ന് ശവ്വാൽ -1 |

മേൽ കൊടുത്ത വിവരണപ്രകാരം ന്യൂമൂണിന്റെ അടുത്ത ദിവസം ഒന്നാം തിയതിയാണെന്ന് ശബാബ് - സുല്ലമുസ്സലാം - അൽമനാർ കലണ്ടറുകളിൽ കാണിക്കുന്നു. ന്യൂമൂൺ ദിവസം തന്നെ അതേ നിമിഷത്തിൽ ഹിലാൽ ജനിക്കുമെന്ന് ഞങ്ങൾ പറയുമ്പോൾ അന്നേ ദിവസം കണ്ണുകൊണ്ട് ഹിലാൽ കാണുമെന്നാണ് മേൽ കലണ്ടറുകൾ കാണിക്കുന്നത്. മൗലവിമാർ പറയുന്നതാണോ അവരുടെ കലണ്ടറുകൾ കാണിക്കുന്നതാണോ സത്യം? വിശദീകരിക്കുക.

ന്യൂമൂൺ ദിവസം പകൽ സമയത്ത് ഇരുണ്ട ചന്ദ്രനെ കാണുന്നതിനെ കുറിച്ച് ഇമാമുമാർ ചർച്ച ചെയ്തിട്ടുണ്ട്. മദീനിയുടെ പുസ്തകം 96, 97 പേജുകളിൽ അത് വിശദീകരിക്കുന്നുണ്ട്. ഖുർത്വുബി 2/294, ഫതഹുൽ ബാരി 5/595, അൽ മജ്മൂഅ് 6/289, തുടങ്ങിയവയിൽ മദീനി ഉദ്ധരിക്കുന്നുണ്ട്. സംശുദ്ധമായ നീലാകാശത്തിൽ പണ്ടുകാലത്ത് ന്യൂമൂൺ ദിവസം പകൽ സവാലിന്നു രണ്ടു മണിക്കൂർ മുമ്പും പിമ്പുമായി ചന്ദ്രക്കല കാണാൻ സാധിച്ചിരുന്നുവത്രെ. അന്തരീക്ഷ മലിനീകരണം കാരണം നീലാകാശം നമുക്ക് നഷ്ടപ്പെട്ടുപോയി. ന്യൂമൂണും ഹിലാലും ഒരുമിച്ചു സംഭവിക്കുന്നു എന്നു മനസ്സിലാക്കാൻ ഒന്നോ രണ്ടോ വർഷത്തെ ശബാബ് കലണ്ടറിൽ കൊടുത്ത കണക്ക് മാത്രം പരിശോധിച്ചാൽ മതി.

2. ലോകത്തുള്ള ഒട്ടുമിക്ക രാജ്യങ്ങളും ജനങ്ങളും ആധാരമാക്കുന്നത് ഹിലാലിനെയാണ്" എന്ന് എഴുതിയതിന്ന് ഇന്ത്യ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നീ രാജ്യങ്ങൾ മാത്രമേ ഹിലാൽ കണ്ടശേഷം മാസം തുടങ്ങുന്നുള്ളൂ എന്ന് ഞാൻ എഴുതിയിരുന്നു. എന്നാൽ എല്ലാവരും ഹിലാൽ മാനദണ്ഡമാക്കുന്നു. ന്യൂമൂൺ എന്നു പറയുന്നില്ല എന്നതാണ് മൗലവിമാരുടെ മറുപടി. ഹിലാലിനെ നഗ്ന നേത്രം കൊണ്ട് കാണണമെന്ന് വാശിപിടിച്ചു തർക്കിക്കുന്ന ഹിലാൽ കമ്മിറ്റി/ കെ.ജെ.യു തുടങ്ങി ഒരു സംഘടനയും ഒരു രാജ്യക്കാരും നഗ്നനേത്രം കൊണ്ട് ഹിലാൽ കാണുന്നില്ല, അഥവാ കാണാതെ കണ്ടു എന്നു കളവു പറയുകയാണെന്നും ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ മാത്രം (കേരളമൊഴികെ), കണ്ണുകൊണ്ട് കണ്ടശേഷം മാസം തുടങ്ങുന്നുവെന്നുമുള്ള സത്യം മൗലവിമാർ മൂടിവെക്കാൻ ശ്രമിച്ചിട്ട് കാര്യമില്ല. അതാണു സത്യം. 2006ൽ ഒരു മിനുട്ടിന്റെ അസ്തമയ വ്യത്യാസത്തിൽ പോലും കോഴിക്കോട് മാസപ്പിറവി തീരുമാനിച്ചിട്ടുണ്ട്. ഇത് ഇജ്തിഹാദിന്റെ പ്രശ്നമല്ല. അമേരിക്കയിലും യൂറോപ്പിലും വിഷയം ഇജ്തിഹാദിയാണ്. കാരണം അവർ കണ്ണുകൊണ്ട് കാണണമെന്ന് പറയുന്നില്ല. കാണാനുള്ള പ്രായം ആയാൽ മതി എന്ന കണക്കാണ് പറയുന്നത്. എന്നാൽ സഊദി അറേബ്യയും കേരള സലഫികളും പറയുന്നതല്ല പ്രാവർത്തികമാക്കുന്നത്. ആകാശത്തുണ്ടായാൽ മതി, എന്നിട്ടൊരു കള്ളസാക്ഷ്യവും: ഇതിന്നെവിടെയാണ് തെളിവ്? അതാണ് വിഷയത്തിന്റെ മർമം. ഹിജ്റ കമ്മിറ്റിയും ഹിലാലിനെ തന്നെയാണ് മാനദണ്ഡമാക്കുന്നത്. അഹമ്മദ് കുട്ടി സാഹിബ് എഴുതിയതുപോലെ ന്യൂമൂൺ സംഭവിച്ച ശേഷം സൂര്യാസ്തമയം നടക്കുന്നിടത്ത് ഹിലാൽ പ്രത്യക്ഷമാവുന്നു. അതിനാൽ അടുത്ത ദിവസം മാസത്തിന്റെ ഒന്നാം തിയതിയായിരിക്കും.

3. "ന്യൂമൂൺ എന്നതിന് അറബിയിൽ മഹാഖ് എന്നാണു പറയുന്നത്"

എന്ന പ്രസ്താവന ആടിനെ പട്ടിയാക്കലാണ്. ന്യൂമൂൺ എന്നത് ഒരു നിമിഷത്തിൽ സംഭവിക്കുന്നതാണ്. മുഹാഖ് എന്നത് മദീനി തന്നെ തന്റെ പുസ്തകത്തിൽ പറയുന്നത് "ചന്ദ്രമാസത്തിലെ അവസാനത്തെ രണ്ടോ മൂന്നോ ദിവസമുള്ള ചന്ദ്രനെപ്പറ്റിയാണ് മുഹാഖ് എന്നു പറയുക"(പേജ് 24)എന്നാണ്. ഇബ്നു കസീർ 3:702-ൽ ഇങ്ങിനെ വിശദീകരിച്ചിട്ടുള്ളതായി മദീനി പേജ് 25-ൽ വിശദീകരിക്കുന്നു. താൻ തന്നെ എഴുതിയത് മദീനി മറന്നുപോയോ? അതോ മറവി നടിക്കുന്നുവോ?

4. "ഖുർആൻ 2:189 ൽ അഹില്ല ജനങ്ങൾക്ക് ഹജ്ജിന്നും സമയനിർണയത്തിനുമുള്ള മാനദണ്ഡമാണ്." എന്ന് മൗലവിമാർ എഴുതുന്നു. "മവാഖീത്തലിന്നാസി വൽ ഹജ്ജ്' എന്നാണ് വചനം. ചന്ദ്രക്കലകൾ ജനങ്ങൾക്കും ഹജ്ജിന്നും തിയതികൾക്ക് നിദാനമാണ് എന്നാണ് ശരിയായ അർത്ഥം. സമയത്തിന്നല്ല. ഈ ആയത്തിനെ നബി(സ)വിശദീകരിച്ചു. "ചന്ദ്രക്കലകളെ അല്ലാഹു ജനങ്ങൾക്ക് തിയതികളുടെ മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്നു. അവയുടെ(ചന്ദ്രക്കലകൾ)ദൃശ്യതയുടെ അടിസ്ഥാനത്തിൽ നിങ്ങൾ നോമ്പുതുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക." സമയ നിർണയത്തിന് സൂര്യനെ ആസ്പദമാക്കാനാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്.( സൂറ: ഇസ്രാഅ്: 78) ആയതിന് ചന്ദ്രക്കലകൾ മാനദണ്ഡമാക്കാൻ കഴിയുകയില്ല.

5. "മേഘാവൃതമായാൽ 30 പൂർത്തിയാക്കുക എന്ന് ആഹ്വാനം ചെയ്തിരിക്കുന്നു" എന്നു പറയുന്നു. ഗ്വുമ്മ് എന്ന പദത്തിന്ന് മറയ്ക്കപ്പെട്ടാൽ എന്നാണർത്ഥം. മാസാവസാനം തിട്ടപ്പെടുത്തുന്ന കാര്യമാണ് പറയുന്നത്. മഴക്കാർ മൂടിയാൽ 30 പൂർത്തിയാക്കാനാണു കൽപ്പനയെങ്കിൽ കെ.ജെ.യു നിരന്തരമായി പ്രസ്തുത കല്പന ലംഘിച്ചുകൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ ഈദുൽഫിത്വർ ചക്രവാളം കനത്ത മഴക്കാർ മൂടിയിട്ടും കെ.ജെ.യു.ഹിലാൽ നോക്കാൻ പറയുകയും കാപ്പാട് കാണുകയും ചെയ്തു. ലോകത്ത് മഴക്കാറുണ്ടാവാത്ത ഒരേയൊരു സ്ഥലം കാപ്പാടായി മാറിയിരിക്കുന്നു. ഒന്നുകിൽ നിങ്ങൾ ഈ ഹദീസ് പറയാതിരിക്കുക. അതല്ലെങ്കിൽ മഴക്കാർ ഉണ്ടെങ്കിൽ 30 പൂർത്തിയാക്കാൻ ആഹ്വാനം ചെയ്യുക. അന്ന് നോക്കാനേ പറയരുതായിരുന്നു. ഇടക്ക് മൗലവി സത്യം എഴുതിപ്പോകുന്നുണ്ട്. "അന്ന് ഹിലാൽ പ്രത്യക്ഷമായില്ലെങ്കിൽ ആ മാസം മുപ്പതു പൂർത്തിയാക്കാനും നിർദ്ദേശിക്കുന്നു." അതെ ഹിലാൽ പ്രത്യക്ഷമാവുക ആയത് സ്ഥിരപ്പെടുക എന്നതാണ് അടിസ്ഥാനം. കാണലല്ല. ഇതിൽ തർക്കമില്ലല്ലോ. ഹിലാൽ കണ്ണുകൊണ്ട് കാണണമെന്നതും അപ്രായോഗികമെന്ന് സ്വയം ബോധ്യമായ സംഗതി പറയുകയും അതിനെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നതിലുമാണ് തെറ്റുള്ളത്. അതാണ് വിമർശിക്കപ്പെടുന്നത്.

6. "നബി(സ)മാനദണ്ഡമാക്കാൻ ആഹ്വാനം ചെയ്തത് ഹിലാലിനെയാണെന്ന് അർത്ഥം. ന്യൂമൂണിനെയല്ല(കറുത്തവാവ്) എന്ന് സ്പഷ്ടം. അതുതന്നെ മേഘാവൃതമായാൽ 30 പൂർത്തിയാക്കുക എന്നും ആഹ്വാനം ചെയ്തിരിക്കുന്നു."(ലേഖനം)

മേഘാവൃതമായാൽ 30 പൂർത്തിയാക്കാൻ നിർദ്ദേശമുണ്ടെങ്കിൽ ആയത് മുസ്ലിംകൾ ലംഘിച്ചിരിക്കുന്നു. മാനദണ്ഡം ഹിലാലാണ് എന്നതിൽ

ഇവിടെ ആർക്കും തർക്കമില്ല. അത് ന്ഗന നേത്രം കൊണ്ട് കണ്ടശേഷമേ മാസം തുടങ്ങുകയുള്ളൂ എന്ന വാദവും അതിന്റെ അപ്രായോഗികതയും ലംഘനവുമാണ് ചർച്ചാവിഷയം. കറുത്തവാവും ന്യൂമൂണും ഒന്നല്ല. കറുത്തവാവ് എന്ന് പൊതുവെ പറയപ്പെടുന്നത് ഒരു ദിവസത്തെയാണ്. അത് 'മഹാഖി'ലുൾപ്പെടുന്നു. ന്യൂമൂൺ ഒരു നിമിഷത്തിൽ സംഭവിക്കുന്നു. കറുത്തവാവ് ദിവസം ഭൂമിയിൽ ഏതെങ്കിലും മേഖലയിൽ നട്ടുച്ചനേരത്ത് ചന്ദ്രൻ ഭൂമിക്കും സൂര്യനുമിടയിൽ കൂടി മറുഭാഗം പ്രവേശിക്കുന്ന നിർണിത സമയമാണ് ന്യൂമൂൺ. ഹിജ്റ കലണ്ടറിൽ പ്രസ്തുത സമയവും ഭൂമിയിലെ അനുഭവമേഖലയും അടയാളപ്പെടുത്തിയിരിക്കുന്നു. ചെറുതായി കൊണ്ടിരിക്കുന്ന ചന്ദ്രക്കല പൂജ്യം ഡിഗ്രിയിൽ എത്തുന്ന നിമിഷം, തൊട്ടടുത്ത നിമിഷത്തിൽ ചന്ദ്രൻ വലുതാവുന്ന കല(waxing crescent) ആയിത്തിരുന്ന നിമിഷം. പടിഞ്ഞാറു ഭാഗത്തേക്ക് കാലുകൾ നീണ്ട ചന്ദ്രക്കല കിഴക്കുഭാഗത്തേക്ക് കാലുകൾ ലക്ഷ്യം വെക്കുന്ന മാറ്റം ഉണ്ടാവുന്ന നിമിഷം. ന്യൂമൂൺ എവിടെ സംഭവിച്ചാലും അപ്പോൾ സൂര്യാസ്തമയമുള്ളിടത്ത് ഹിലാൽ പ്രത്യക്ഷമാവുന്നു. ന്യൂമൂൺ സംഭവിക്കുന്ന മേഖലയിൽ സൂര്യാസ്തമയ ശേഷം 12 മിനുട്ട് കഴിഞ്ഞ് ചന്ദ്രൻ അസ്തമിക്കുന്നു. ഇതിൽ നിന്നും ന്യൂമൂൺ ഉണ്ടായി എന്നു പറഞ്ഞാൽ ഹിലാൽ ജനിച്ചു എന്നാണ് അർത്ഥം എന്ന് മനസ്സിലാക്കാം. ഇപ്പറഞ്ഞത് നിഷേധിക്കാൻ മൗലവിമാർക്കാകുമോ?

7. നബി(സ)യുടെ കാലത്ത് വാച്ചുണ്ടായിരുന്നില്ല. അവർ സമയം നോക്കിയല്ല നമസ്കാരം നടത്തിയത് എന്നു പറഞ്ഞാൽ നബി(സ)സമയത്തെ അംഗീകരിച്ചിട്ടില്ല, വാച്ചും ക്ലോക്കും പാടില്ല എന്നാരെങ്കിലും പറയുമോ? നബി(സ)ന്യൂമൂൺ അടിസ്ഥാനത്തിൽ കണക്കുകൂട്ടി മുൻകൂട്ടി കലണ്ടറുണ്ടാക്കിയിരുന്നില്ല എന്നു പറഞ്ഞാൽ കണക്കു കൂട്ടി കലണ്ടറുണ്ടാക്കാൻ പാടില്ല എന്നല്ല അർത്ഥം. ന്യൂമൂണിന്റെ കൃത്യമായ സമയം കണക്കാക്കുന്ന ശാസ്ത്രം അല്ലാഹു (സു.ത)അന്ന് നൽകിയിട്ടില്ല. എന്നാൽ മാസത്തിലെ അവസാന ദിവസം അഥവാ അമാവാസി ദിവസം എല്ലാവർക്കും അറിയാമായിരുന്നു. അവർ ചന്ദ്രനെ നിരീക്ഷിക്കുന്നവരായിരുന്നു. ഇബ്നു കസീർ തഫ്സീർ, സൂറ:അശംസ് കാണുക. നിഴൽ അളന്ന് വഖ്ത് നിർണയിക്കുന്ന അതേ തത്വം ഒരു യന്ത്രം വഴി മനുഷ്യർക്ക് ഉപകാരപ്പെടുത്തിയതാണ് ക്ലോക്ക്. ഹിലാലിന്റെ ജനനം ഹിസാബ്(കണക്ക്) നടത്താൻ കഴിയുന്ന അറിവ് ചന്ദ്രന്റെ മൻസിലിന്റെ പ്രായം വഴി ലഭിക്കുന്നു. ഇങ്ങിനെയുള്ള ഹിസാബിന്റെ അടിസ്ഥാനം ന്യൂമൂൺ ആണ്. അതിനാൽ ഇത് ഇസ്ലാമികവുമാണ്.

നബി(സ)യുടെ കാലത്ത് ന്യൂമൂൺ കണക്കു കൂട്ടാനുള്ള അറിവ് ഉണ്ടായിരുന്നില്ല. ന്യമൂൺ സംഭവിക്കുന്ന ദിവസം അഥവാ ചന്ദ്രനെ തീരെ കാണാത്ത ദിവസം അത് 'ഉർജൂനുൽ ഖദീം' എന്നു ഖുർആൻ(36:39) വിശേഷിപ്പിച്ച ദിവസത്തിന്റെ പിറ്റേന്ന് ആണെന്നും ചന്ദ്രൻ 'ഗുമ്മ്'ആയ ദിവസം മാസത്തിലെ അവസാന ദിവസമാണെന്നും അടുത്ത ദിവസം പുതുമാസത്തിന്റെ ഒന്നാം തിയതിയാണെന്നും അവർക്കറിയാമായിരുന്നു. ഇന്ന് ന്യൂമൂണിന്റെ സമയം മുൻകൂട്ടി കണക്കുകൂട്ടാൻ കഴിയുന്നതിനാൽ കലണ്ടർ മുൻകൂട്ടി തയ്യാറാക്കാനും കഴിയുന്നു. നബി(സ)പഠിപ്പിച്ച മാസത്തിന്റെ

ആരംഭം ന്യൂമൂണിന്റെ പിറ്റേന്നു മുതൽ അടുത്ത ന്യൂമൂൺ വരെയാണ്. മൗലവിമാർക്ക് ന്യൂമൂണും ഹിലാലും അമാവാസിയും എല്ലാം എന്താണെന്ന് അറിയാത്തതിനാലാണ് ഇതുപോലുള്ള അബദ്ധങ്ങൾ സംഭവിക്കുന്നത്.

### 8. ന്യൂമൂണിന്ന് ഇസ്‌ലാമിൽ അടിസ്ഥാനമുണ്ടോ?

1) രണ്ടുതരം ചന്ദ്രമാസങ്ങളുണ്ട്. ഒന്ന് ചന്ദ്രൻ ഒരു നക്ഷത്രത്തിന്നു നേരെ നിന്നും ആരംഭിച്ച് ഒരു പ്രാവശ്യം ഭൂമിയെ ചുറ്റി വീണ്ടും അതേ നക്ഷത്രത്തിനു നേരെ എത്താനെടുക്കുന്ന കാലം. ഇതിന്ന് 27.33 ദിവസ മെടുക്കുന്നു. സൈഡീരിയൽ മാസം എന്ന് ഈ മാസത്തിന് പറയുന്നു. രണ്ട്: ചന്ദ്രൻ സൂര്യനു നേരെ നിന്നും ആരംഭിച്ച് ഭൂമിയെ ചുറ്റി വീണ്ടും സൂര്യനു നേരെ എത്തുന്നകാലം. ഈ മാസത്തിൽ 29.5 ദിവസങ്ങളുണ്ടാ യിരിക്കും. സിനോഡിക് മാസം എന്ന് ഇതിനു പറയുന്നു. ഇസ്‌ലാം ഇതിൽ ഏതു മാസത്തേയാണ് അംഗീകരിച്ചിട്ടുള്ളത്. സൂര്യനും ഭൂമിക്കുമിടയിൽ നിന്ന് തുടങ്ങി അതേ സ്ഥാനത്ത് തിരിച്ചെത്തുന്ന മാസം. അഥവാ ന്യൂമൂൺ മുതൽ തുടങ്ങി അടുത്ത ന്യൂമൂണിന്നു മുമ്പായി അവസാനിക്കുന്ന മാസം. 29/30 ദിവസമാണ് ഒരു മാസത്തിനെന്ന് റസൂൽ(സ)പഠിപ്പിക്കുമ്പോൾ നാം അതിന്റെ ശാസ്ത്രീയത വ്യക്തമായി ഇന്നു മനസ്സിലാക്കുന്നു. അതായതു ന്യൂമൂൺ അടിസ്ഥാനമായുള്ള മാസമാണ് ഇസ്‌ലാമികമാസം എന്ന്.

2) വി.ഖു. സൂറ: രണ്ടാം വചനം. "ചന്ദ്രൻ തന്നെയാണ് (സത്യം) അത് അതിനെ (സൂര്യനെ) തുടർന്നുവരുമ്പോൾ" എന്നതിനെപറ്റി ഇബ്നു കസീർ തന്റെ ഗ്രന്ഥത്തിൽ ഇബ്നു സൈദ് പറഞ്ഞതായി ഇപ്രകാരം രേഖപ്പെടു ത്തുന്നു. "ചന്ദ്രൻ മാസത്തിന്റെ ഒന്നാം പകുതിയിൽ സൂര്യനെ പിന്തുടരു ന്നു. പിന്നീട് സൂര്യൻ ചന്ദ്രനെ പിന്തുടരുന്നു. മാസത്തിന്റെ രണ്ടാം പകു തിയുടെ അവസാനത്തിൽ ചന്ദ്രൻ സൂര്യനെ മറികടക്കുന്നു." ഇപ്രകാരം ചന്ദ്രൻ സൂര്യനെ മറികടക്കുന്നതോടു കൂടി ഒരു മാസത്തിന്റെ അവസാ നവും അടുത്ത മാസത്തിന്റെ തുടക്കവും സംഭവിക്കുന്നു. മാസത്തിന്റെ അവസാന ദിവസങ്ങളിൽ ആദ്യം ചന്ദ്രൻ ഉദിക്കുകയും ശേഷം സൂര്യൻ ഉദിക്കുന്നതായി അഥവാ സൂര്യൻ ചന്ദ്രനെ പിന്തുടരുന്നതായി കാണാം. എന്നാൽ മാസാവസാനദിവസം ചന്ദ്രൻ സൂര്യനെ മറികടക്കുന്നതോടു കൂടി ചന്ദ്രൻ സൂര്യനെ പിന്തുടരുന്നതായും ആദ്യം സൂര്യനുദിക്കുക ശേഷം ചന്ദ്രൻ ഉദിക്കുകയും അത് പോലെ അസ്തമിക്കുകയും ചെയ്യുന്നു. ഈ അത്ഭുത പ്രതിഭാസത്തിന്ന് പറയുന്ന പേരാണ് ന്യൂമൂൺ അഥവാ കൺഞ്ച ക്ഷൻ. ന്യൂമൂൺ ഇസ്‌ലാമികം - ഖുർആനികം -തന്നെ തീർച്ച.

3) ലോകാവസാനം (ഖിയാമം) ഒരു ഗ്രഹണ ദിവസമായിരിക്കുമെന്ന് ഒരു നബിവചനമുണ്ട്. സൂറ: ഖിയാമയിൽ 7-9 വചനങ്ങൾ ശ്രദ്ധിക്കുക.

فَإِذَا برق البصر وخسَفَ القَمَرُ وجمع الشَّمْسُ والقَمَرُ

"കണ്ണ് അഞ്ചിപോകുകയും ചന്ദ്രന് ഗ്രഹണം ബാധിക്കുകയും സൂര്യനും ചന്ദ്രനും(ഭൂമിയുടെ കൂടെ) ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ" ചന്ദ്രന്ന് ഗ്രഹണം ബാധിക്കുന്നത് സൂര്യനും ചന്ദ്രനും ഇടയിൽ ഭൂമി നിൽക്കു

മ്പോഴാണ്. സൂര്യനും ചന്ദ്രനും ഒരു രേഖയിൽ ഭൂമിക്ക് നേരെ വരുമ്പോൾ സൂര്യഗ്രഹണവും സംഭവിക്കുന്നു. ഇതാണ് ആയത്തിന്റെ അവസാനഭാഗം. അത് ന്യൂമൂൺ കൂടിയാണ്. ന്യൂമൂണിനെ കുറിച്ച് ചിന്തിക്കുന്ന ആളുകൾക്കുള്ള ദൃഷ്ടാന്തം ഖുർആൻ പഠിപ്പിക്കുകയാണ്. ചന്ദ്രഗ്രഹണം ഖിയാമത്തിൽ മാത്രമല്ലാത്തതുപോലെ സൂര്യഗ്രഹണവും ഖിയാമത്തിൽ മാത്രമല്ല. എല്ലാ മാസവും ന്യൂമൂൺ സംഭവിക്കുന്നു. ശരാശരി 6 മാസത്തിലൊരിക്കൽ സൂര്യഗ്രഹണവും സംഭവിക്കുന്നു. ഖുർആൻ ഭാവി മാത്രമല്ല വർത്തമാനവും പഠിപ്പിച്ചുതരുന്നു.

4) മേൽ ആയത്തുകളുടെയും ഹദീസുകളുടെയും വെളിച്ചത്തിൽ ന്യൂമൂൺ(ഗ്രഹണം) സംഭവിക്കുന്ന ദിവസത്തിന്നു അടുത്ത ദിവസം പുതുമാസം തുടങ്ങാവുന്നതാണെന്ന ഇമാം ശാഫിഈ(റ)യുടെ ഫത്വ നാം നേരത്തെ മനസ്സിലാക്കിയിട്ടുണ്ട്. അനേകം ഖുർആൻ ആയത്തുകൾ ഗോളശാസ്ത്ര സംബന്ധമായുള്ളത്, ഖുർആനിലുണ്ട്. ഇതെല്ലാം എന്തിനാണ്? അവ ചിന്തിച്ചു മനസ്സിലാക്കാത്തവരെ താക്കീതു ചെയ്യുന്ന നബിവചനവുമുണ്ട്. എന്നിട്ടും വളരെ വ്യക്തമായി ജനങ്ങൾ മനസ്സിലാക്കിയിട്ടുള്ള കണക്കുകൾ സ്വീകരിക്കാൻ പാടില്ലെന്ന് കെ.ജെ.യുപണ്ഡിതൻമാർക്ക് പറയാൻ എങ്ങിനെ ധൈര്യം വന്നു എന്നതാണ് അത്ഭുതപ്പെടുത്തുന്നത്. ചന്ദ്രന്റെ മൻസിലുകൾ കണക്കു കൂട്ടാൻ വേണ്ടിയാണെന്ന് സൂറ യൂനുസ് 5-ാം സൂക്തം പഠിപ്പിക്കുന്നു. എന്തു കണക്കാണ് മുസ്‌ലിംകൾ 'മനാസിലുകൾ' ഉപയോഗിച്ചു ചെയ്യുന്നത്? കണക്കുകൂട്ടാൻ പാടില്ലെന്നാണ് ഹമീദ് മദീനി പറയുന്നത്.

5) ന്യൂമൂൺ എന്നാൽ മാസത്തിലെ അവസാന ദിവസമാണെന്ന് മദീനി തന്റെ പുസ്തകത്തിൽ(പേജ് 23) പ്രസിദ്ധ ഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരിച്ചിരിക്കുന്നു. മാത്രവുമല്ല 'അശിയ്യത്ത്' എന്ന് ചന്ദ്രനെ കാണുന്ന വൈകുന്നേരത്തിനും പറഞ്ഞിരിക്കുന്നു.

## സുതാര്യനിലപാട് സ്വീകാര്യം

മേൽ പറഞ്ഞ തെളിവുകൾ ധാരാളമാണ് സത്യാന്വേഷികൾക്ക്. സൽബുദ്ധിമാൻമാർ അഥവാ സദ്‌വൃത്തരായ പണ്ഡിതൻമാർ ആരാണെന്ന് ഖുർആൻ 3:189, 190 വിശദീകരിച്ചു തന്നു. "അല്ലാഹുവിനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു. തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിവരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നു കൊണ്ടും ഇരുന്നുകൊണ്ടും അല്ലാഹുവെ ഓർക്കുകയും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. അവർ പറയും ഞങ്ങളുടെ രക്ഷിതാവേ, നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ലഇത്, നീ എത്രയോ പരിശുദ്ധൻ അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കേണമേ"

മുസ്‌ലിം ലോകത്ത് അല്ലാഹു(സു.ത)വിശേഷിപ്പിച്ച തരത്തിലുള്ള എത്ര പണ്ഡിതരുണ്ട്? ആകാശ ഭൂമികളുടെ സൃഷ്ടിപ്പിന്റെ രഹസ്യം അറിയേണ്ട

ആവശ്യം ഇക്കാലത്തെ പണ്ഡിതൻമാർക്കില്ല. കാരണം നാം കണക്കു കൂട്ടുകയില്ല, എഴുതുകയേ ഇല്ല എന്നാണല്ലോ കെ.ജെ.യു തീരുമാനം. എന്നാൽ സൽബുദ്ധിമാൻമാരായ ആളുകൾക്ക് വിശുദ്ധ ഖുർആനും പ്രകൃതിനിയമങ്ങളും അനുസരിക്കുക എന്നതാണ് വിശ്വാസം.

ന്യൂമൂൺ എന്നാൽ ഹിലാലിന്റെ പിറവിയാണെന്ന് നാം തെളിയിച്ചു. 9:36 ആയത്തിന്റെ വെളിച്ചത്തിൽ ചന്ദ്രമാസകലണ്ടറാണ് ഇസ്ലാം അംഗീകരിക്കുന്നതെന്നും പ്രസ്തുത കലണ്ടർ മുസ്ലിംകൾ ജീവിതത്തിൽ കൊണ്ടു നടക്കേണ്ടതാണെന്നും തെളിഞ്ഞു കഴിഞ്ഞു. ചന്ദ്രന്റെ മനാസിലുകൾ കാലഗണനക്കുള്ള അടിസ്ഥാന വിവരമാണെന്നതിനാൽ (2:189, 10:5) കണക്കിന്(ഹിസാബ്)കലകളുടെ എണ്ണം കൃത്യമായിരിക്കണമെന്നും മനസ്സിലായി. കണക്കു കൂട്ടുന്നതിൽ മറ്റൊരടിസ്ഥാനം. 'ഉർജൂനുൽ ഖദീം'(36:39) ആണെന്നും ഖുർആനിൽ നിന്നും മനസ്സിലായി. ഇത്രയും അടിസ്ഥാന വിവരങ്ങൾ(Data) ഖുർആൻ പറഞ്ഞുതരുന്നതിനാൽ ഇവയെല്ലാം അടിസ്ഥാനപരമായി ന്യൂമൂണുമായി ബന്ധപ്പെട്ടതാണെന്നും മനസ്സിലാകും. ന്യൂമൂൺ പരിഗണിക്കാതെ കലണ്ടറുണ്ടാക്കാനോ, കാലഗണനക്കോ കഴിയില്ല. ഇസ്ലാമിൽ ന്യൂമൂണിന്റെ പ്രാധാന്യം ഖുർആനും, സുന്നത്തും, ശാസ്ത്രവും തെളിവാക്കിക്കൊണ്ട് നാം തെളിയിച്ചു. ഇത് ശരിയല്ല. ഹിലാൽ കണ്ണുകൊണ്ട് കാണൽ തന്നെയാണ് ഇസ്ലാമിക നിയമമെന്ന് ഇനിയും ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ, "ലക്കുംദീനുക്കും വലിയദീൻ" എന്നു പറയുന്നതിന്നു മുമ്പായി താഴെ കൊടുക്കുന്ന സംശയങ്ങൾക്ക് കൂടി ഉത്തരം കണ്ടെത്തിയേ തീരൂ.

## അഹില്ലയും ഹിലാലും

1. ഇസ്ലാമിലെ എല്ലാ ആരാധനാ കർമ്മങ്ങളും കാല നിബദ്ധമാണ്. അതുകൊണ്ട് തന്നെ മാസത്തിലെ ദിവസങ്ങളുടെ എണ്ണവും പ്രധാനമാണ്. അതിനാൽ മാസപ്പിറവി സംഭവിക്കുന്നത് മനുഷ്യർ ഹിലാൽ കാണുന്നതുമുതൽക്കാണെന്ന് തെളിയിക്കുന്ന ഒരു ഖുർആൻ ആയത്ത് ഉദ്ധരിക്കാൻ സാധിക്കില്ലെങ്കിൽ വ്യാഖ്യാനിച്ചെടുക്കാൻ പറ്റിയതെങ്കിലും കാണിക്കാമോ?

2. ഖുർആനിൽ ജനങ്ങളെ, വിശ്വാസികളെ എന്നല്ലാതെ ഹേ അറബികളെ തുർക്കികളെ, മിസ്രികളെ എന്ന തരത്തിൽ രാജ്യം, ഭാഷ, ഗോത്രം എന്നിങ്ങനെ വിഭജിച്ച് അഭിസംബോധന ചെയ്തിട്ടില്ല. ലോകത്തിനു മുവുവൻ മാർഗ്ഗദർശകമായ ഒരു ഗ്രന്ഥവും പ്രവാചകനും ആണു ഇസ്ലാമിനുള്ളത്. കലണ്ടർ മാത്രം പ്രാദേശികമായി പഞ്ചായത്ത് അടിസ്ഥാനത്തിലാക്കാൻ ഏതു നിയമമാണ് ശരീഅത്തിലുള്ളത്.?

3. സൂര്യനും ചന്ദ്രനും കിഴക്ക് ഉദിച്ച് പടിഞ്ഞാറിൽ അസ്തമിക്കുന്നു. സമയം മാറുന്നത് കിഴക്കു പടിഞ്ഞാറാണ്. തെക്ക് വടക്കല്ല. എന്നിരിക്കെ കാസർകോഡും മംഗലാപുരവും എങ്ങിനെ വ്യത്യസ്ത മത്‌ലഅ് ആകും. എന്തുകൊണ്ട് ബത്തേരിയും കോഴിക്കോടും രണ്ടു മത്‌ലഅ് ആകുന്നില്ല. നാടുകാണിയിലും എടക്കരയിലും രണ്ടു തിയതിയാകുന്നതെങ്ങനെ.

4. മത്‌ലഅ്(ത്വലഅ=ഉദയം) എന്നാൽ ഉദയ മേഖല എന്നാണർത്ഥം.

പടിഞ്ഞാറ് അസ്തമയ മേഖലയാണ്. അസ്തമയ മേഖലയെ എങ്ങിനെയാണ് മത്‌ലഅ് എന്നു വിളിക്കുക?

5. ന്യൂമൂൺ ഉണ്ടായി 16 മണിക്കൂറിനു ശേഷം പടിഞ്ഞാറിൽ ഉദിക്കുന്നതാണ് ഹിലാൽ എന്ന് അബ്ദുൽ ഹമീദ് മദീനിയും ന്യൂമൂണിന്നു ശേഷം ഒന്നോ രണ്ടോ ദിവസം കഴിഞ്ഞശേഷം കാണുന്നതാണ് ഹിലാൽ എന്ന് സക്കരിയ്യ മൗലവിയും പറയുന്നു. എന്നാൽ ശബാബ്, സുല്ലമുസ്സലാം അൽമനാർ കലണ്ടറുകളിൽ 3-4 മണിക്കൂർ പ്രായമുള്ള ഹിലാൽ 4-5 മിനുട്ട് കഴിഞ്ഞ് അസ്തമിക്കുന്നതായും അടുത്ത ദിവസം ഒന്നാം തിയതിയായും രേഖപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ ലേഖനങ്ങളും പ്രസംഗങ്ങളുമാണോ അതല്ല നിങ്ങളുടെ കലണ്ടറുകളാണോ കളവു പറയുന്നത്?

6. ഖുർആൻ എവിടെയും ഹിലാലിനെ കുറിച്ചു പറയുന്നില്ല. ഹിലാൽ കാണുന്നതിനെ കുറിച്ച് തീരെ പറയുന്നില്ല. അഹില്ല(ചന്ദ്രക്കലകൾ) മനാസിൽ(സ്ഥാനങ്ങൾ) ഉർജൂനുൽ ഖദീം എന്നിവ പറഞ്ഞശേഷം എന്താണു പറയുന്നത്. നിങ്ങൾ റമദാൻ മാസത്തിന് സാക്ഷിയായാൽ നോമ്പെടുക്കുക(2:185). സാക്ഷിയാവുക എന്നാൽ അറിവുണ്ടാവുക എന്നാണർത്ഥം. നാം ഇപ്പോൾ സഫർ മാസത്തിലാണെന്നതിന് നാം സാക്ഷിയാണ്. 2011 ഫെബ്രുവരി 16 ബുധൻ സഫർ മാസത്തിലാണെന്നതിനും സാക്ഷിയാവും. ഖുർആൻ എന്തുകൊണ്ട് ഹിലാലിനെ കുറിച്ചും അത് കാണുന്നതിനെ കുറിച്ചും പറയാതെ കലകളെക്കുറിച്ചും അവയുടെ സ്ഥാനങ്ങളും അവസാനത്തെ ദൃശ്യമാവുന്ന കലകളെക്കുറിച്ചും പറഞ്ഞു? കാരണം ഹിലാൽ ജനിച്ച ഉടനെ അതായത് 29/30 -ാം തിയതി ഹിലാൽ ഭൂമിയിലൊരിടത്തും കാണുക സാധ്യമല്ല. എന്നാൽ കലകൾ ഒന്നാം തിയതി മുതൽ 28/29-ാം തിയതി വരെയുള്ളത് കണ്ണുകൊണ്ട് കാണാൻ കഴിയും. ചന്ദ്രക്കല ആദ്യമായി കാണുന്നത് ഒന്നാം തിയതിയാണെന്ന് അമാനി മൗലവിയുടെ തഫ്സീറിലും(36:39) വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങിനെയുള്ള കലകളെ(അഹില്ല)അവയുടെ മനാസിലിൽ(സ്ഥാനങ്ങളിൽ) നിരീക്ഷണം നടത്തി തിയതി നിശ്ചയിക്കാനും കലകളുടെ അവസാനം അഥവാ ഉർജൂനുൽ ഖദീം നോക്കിക്കണ്ട് 'ഗുമ്മി'യായ(കാണാതായ) ദിവസം മാസാവസാനമായും കണക്കാക്കി അടുത്ത ദിവസം ഒന്നാം തിയതിയായി നിശ്ചയിക്കുന്ന രീതിയാണ് നബി(സ)പഠിപ്പിച്ചിട്ടുള്ളത്. ഇതാണ് മാസപ്പിറവി സംബന്ധിച്ച് നബി(സ)യുടെ സുന്നത്ത്. വി.ഖു. 2:189 ആയത്തിനെ വിശദീകരിച്ചു കൊണ്ട് നബി(സ)സ്വഹാബത്തിനെ പഠിപ്പിച്ചു. 107 പരമ്പരകളിലൂടെ സ്ഥിരപ്പെട്ട പ്രസ്തുത ഹദീസ് ശ്രദ്ധിക്കുക.

"അല്ലാഹു ചന്ദ്രക്കലകളെ ജനങ്ങൾക്ക് തിയതികൾക്ക് വേണ്ടി സംവിധാനിച്ചിരിക്കുന്നു. അവയുടെ ദൃശ്യതയുടെ അടിസ്ഥാനത്തിൽ നിങ്ങൾ നോമ്പു തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക. അവ നിങ്ങൾക്ക് മറയ്ക്കപ്പെട്ടാൽ 30 ആയി കണക്കാക്കുകയും ചെയ്യുക."

ഈ ഹദീസിൽ അഹില്ല(കലകൾ) എന്നാണുള്ളത്. എന്നാൽ മദീനിയുടെ പുസ്തകത്തിൽ(പേജ് 17) ചന്ദ്രക്കലയെ കണ്ടാൽ(ഹിലാൽ) എന്നാണ് എഴുതിയിരിക്കുന്നത്. ഇതാണ് ഭിന്നിപ്പിന്റെ അടിസ്ഥാനശില ഹിലാൽ എന്ന് എങ്ങിനെയാണ് അഹില്ലയെ മാറ്റിപ്പറയാൻ കഴിയുക. പണ്ഡിതൻമാർക്ക്

പറ്റിയ ഭാഷാപരമായ അബദ്ധധാരണ തിരുത്തുക. നബി(സ)ഖുർആൻ പരിചയപ്പെടുത്തുകയാണ്. ഖുർആനിലും ഹദീസിലും അഹില്ല എന്നാണുള്ളത്. അഹില്ലയെ നോക്കുന്നത് എല്ലാ ദിവസവുമാണ്. ഹിലാൽ എന്നാൽ ആദ്യത്തെ 7 ദിവസത്തെ കലയുടെ രൂപത്തെ പറയുന്ന പേരാണ്. അത് 29 ലെ കലക്കു മാത്രം പറയുന്ന പേരല്ല. അവസാനത്തെ 7 ദിവസത്തെ കലകൾക്കും ഹിലാൽ ആകൃതിയാണ്. അതിനാൽ അവയോരോന്നും ഹിലാലാണ്. അഹില്ല എന്ന് പറയുമ്പോൾ ഇവ മുഴുവനും ഒന്നായി പറയുന്ന പേരാണ്. 29-ാം തിയതി മഗ്‌രിബിന്ന് നബി(സ)ഹിലാൽ നോക്കിയതായി യാതൊരു തെളിവുമില്ല. എന്നാൽ ചന്ദ്രക്കലകൾ(അഹില്ല) നോക്കിയതായി തെളിവുണ്ടുതാനും. ശഅ്ബാൻ മാസത്തെ അഹില്ല പ്രത്യേകം നോക്കിയതായും ശഅ്ബാൻ അവസാനത്തെ നാലൊ അഞ്ചോ ദിവസം സൂക്ഷ്മമായി നോക്കിയതായും അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഹദീസിലുള്ളതായി മദീനിയുടെ ശിഷ്യൻ ഡോ: സാജിദ് എഴുതിയ പുസ്തകത്തിൽ ഉദ്ധരിച്ചിരിക്കുന്നു. സാജിദിന് ഖുർആനും ഹദീസും പറഞ്ഞുകൊടുക്കുന്നതിൽ ഒരാൾ മദീനിയാണെന്നും ടിയാൻ എഴുതിയിട്ടുണ്ട്. നബി(സ)പലപ്പോഴും ചരിഞ്ഞുകിടന്ന് ആകാശത്തേക്ക് നോക്കാറുണ്ടായിരുന്നെന്ന് ഹദീസുകളിലുണ്ട്. ചുരുക്കത്തിൽ ചന്ദ്രക്കല നിരീക്ഷണം(Observation) നടത്തുന്നതിന് ധാരാളം തെളിവുകളുണ്ട്. എന്നാൽ 29-ാം നു മഗ്‌രിബിന്ന് 'ചന്ദ്രോദയം(?)' നോക്കുന്ന ഏർപ്പാട് നബി(സ)യുടെ സുന്നത്തല്ല. അവസാനത്തെ 4 ദിവസം നോക്കുന്നത് പടിഞ്ഞാറല്ല കിഴക്കാണ്. മദീനയിൽ നിന്നു തെക്കോട്ടുതിരിഞ്ഞു നിന്ന് സുബ്ഹ് നമസ്കരിച്ച് സലാം വീട്ടുമ്പോൾ ഹിലാൽ കാണുന്നു. ഒരു ദിവസം കാണാതാവുന്നു. അടുത്ത ദിവസം ഒന്നാം തിയതി. അന്ന് സന്ധ്യക്ക് ഒന്നാം തിയതിയുടെ ഹിലാൽ കാണുന്നു. തുടർന്ന് ഓരോ ദിവസവും കലകൾ നിരീക്ഷണം നടത്തി തിയതി നിശ്ചയിക്കുന്നു. ഈ രീതിയാണ് നബി(സ) പഠിപ്പിച്ചിട്ടുള്ളത്.

a) 29-ാം തിതയി ന്യൂമൂൺ സംഭവിക്കുന്ന ദിവസമാണ്. അന്ന് ഹിലാൽ ഉണ്ടാവുകയില്ലെന്നാണല്ലോ നിങ്ങളുടെ വാദം. എങ്കിൽ പിന്നെ നബി(സ) ഹിലാൽ നോക്കി എന്ന വാദത്തിന് എന്ത് അർഥമാണ് നിങ്ങൾ കല്പിക്കുന്നത്.

b) നബി(സ)29-ാം തിയതി മഗ്‌രിബ് സമയത്ത് ഹിലാൽ നോക്കിയതായി തെളിവില്ല. ആരേയെങ്കിലും ചുമതലപ്പെടുത്തിയതായും തെളിവില്ല.

c) മഗ്‌രിബ് സമയത്ത് ഹിലാൽ നോക്കണമെങ്കിൽ ജമാഅത്ത് നമസ്കാരം നീട്ടിവെയ്ക്കുകയോ, നോക്കാൻ പോകുന്ന ആളുകൾക്ക് ജമാഅത്ത് നമസ്കാരം ഇളവു നൽകുകയോ വേണം. അങ്ങിനെയൊരു 'ബാബ്' ഫിഖ്ഹിന്റെ കിതാബുകളിലില്ല. എന്തുകൊണ്ട്? 29-ാം നു സന്ധ്യക്ക് കല നോക്കൽ നബിചര്യ അല്ലാത്തതുകൊണ്ട്?

d) നിസ്സാരമായ കാര്യങ്ങൾക്ക് വരെ പ്രതിഫലം നൽകുന്നതായ നബിവചനങ്ങളുണ്ട്. എന്നാൽ മാസം കാണാൻ പോകുന്നവർക്കുള്ള പ്രതിഫലം എത്രയാണെന്ന് നബി(സ)പറഞ്ഞിട്ടുണ്ടോ? ഇല്ല, എന്തുകൊണ്ട്? അങ്ങിനെയൊരു സമ്പ്രദായം ഇസ്‌ലാമിലില്ലാത്തതുകൊണ്ട്.

e) കടൽക്കരയിൽ 'മാസം കാണൽ' കേരളീയരുടെ മാത്രം രീതിയാണ്. കിഴക്കുഭാഗത്ത് കടലുള്ളവർ കരഭാഗത്തേക്കാണു നോക്കേണ്ടത്. കേരളത്തിൽ എന്തുകൊണ്ട് കിഴക്കൻ മേഖലയിൽ കലകാണുന്നില്ല. സ്ഥിരമായി കാപ്പാട് മാത്രം കാണുന്നു. ഇതിലെന്തോ അപാകതയില്ലേ?

f) 4 ലക്ഷം കി.മീറ്റർ അകലെയുള്ള ചന്ദ്രക്കല നോക്കിയാൽ കേരളത്തിലെ ഒരു പുഴയുടേയോ തോടിന്റെയോ, അല്ലെങ്കിൽ ഭരണസൗകര്യത്തിന് നിശ്ചയിച്ച ഒരു ചെക്ക് പോസ്റ്റിന്റെ അപ്പുറവും ഇപ്പുറവും രണ്ട് ദിവസത്തിലേ കാണുകയുള്ളൂവെന്ന് പറയാൻ എന്താണു തെളിവ്?

g) ഹിജ്റ കലണ്ടർ ജൂത കലണ്ടറാണെന്ന് അബ്ദുൽ ഹമീദ് മദീനി എഴുതിയിരിക്കുന്നു. അദ്ദേഹത്തിന്റെ പുസ്തക പ്രകാശന ചടങ്ങിൽ ഇതദ്ദേഹം പ്രസംഗിക്കുകയും ചെയ്തിരുന്നു. മൗലവിക്ക് ജൂതകലണ്ടറും ഇസ്‌ലാമിക കലണ്ടറും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് പോലും അറിയില്ല. ജൂത കലണ്ടറിൽ മാസങ്ങൾക്ക് 29, 30, 29, 30 എന്നിങ്ങനെ ഇടവിട്ട് ദിവസങ്ങൾ നിശ്ചിതമാണ്. ഇസ്‌ലാമിൽ അങ്ങനെയല്ല. ഇസ്‌ലാമിക കലണ്ടറിൽ ഒരു വർഷത്തിന്ന് 12 മാസമാണ്. ജൂതകലണ്ടറിൽ 3 വർഷം കൂടുമ്പോൾ ഒരു മാസം കൂടുതലുണ്ടാവും. ജൂത കലണ്ടറിൽ സൂര്യാസ്തമയത്തിന്നുമുമ്പ് ന്യൂമൂൺ സംഭവിച്ചാൽ മാസം മാറും. ഇസ്‌ലാമിക കലണ്ടറിൽ ഫജറിന്നു മുമ്പാണ് ന്യൂമൂണെങ്കിൽ മാസമാറ്റം നടക്കും. മദീനിയുടെ പുസ്തക പ്രകാശനത്തിന്നു ശേഷം അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് അദ്ദേഹത്തിന്റെ കൈവശമുള്ള കലണ്ടറിന്റെ ഇന്റർനെറ്റ് കോപ്പി കാണിച്ചുകൊണ്ട് മേൽ കാര്യം വിശദമാക്കിയിട്ടുള്ളതാണ്. എന്നിട്ടും അദ്ദേഹം തിരുത്താൻ തയ്യാറല്ല.

h) ചന്ദ്രൻ 28 മണ്ഡലങ്ങൾ സഞ്ചരിച്ച ശേഷം ന്യൂമൂൺ എല്ലാമാസവും സംഭവിക്കുമെന്ന് മൗലവി എഴുതി കണ്ടു. അദ്ദേഹത്തിന് ജ്യോതിശാസ്ത്രവും(Astronomy) ജ്യോതിഷവും (Astrology) തമ്മിലുള്ള വ്യത്യാസം എന്താണെന്നു മനസ്സിലായിട്ടില്ല എന്നതാണ് ഇത് തെളിയിക്കുന്നത്. ജ്യോതിഷത്തിൽ 28 മണ്ഡലങ്ങൾ(രാശികൾ) നിശ്ചയിച്ചിരിക്കുന്നു. ചന്ദ്രൻ ഒരു നക്ഷത്രത്തിന്നു നേരെ നിന്നും തുടങ്ങി അതേ നക്ഷത്രത്തിന്നു നേരെ എത്താൻ 27:33 ദിവസം മതി. ഓരോ ദിവസവും ചന്ദ്രൻ ഓരോ നക്ഷത്രത്തിന്നു നേരെ എത്തുന്നതിനാൽ പ്രസ്തുത ദിവസം ആ നക്ഷത്രത്തിന്റെ പേരിൽ അറിയപ്പെടുന്നു. ഇതാണു ജ്യോതിഷത്തിലെ രാശികൾ. എന്നാൽ ചന്ദ്രൻ സൂര്യനു നേരെ നിന്നും തുടങ്ങി വീണ്ടും സൂര്യന്നു നേരെ എത്താൻ 29:5 ദിവസം വേണം. ഇതാണ് ഇസ്‌ലാം അംഗീകരിച്ച മാസം. ഇതിൽ നക്ഷത്രങ്ങൾക്ക് സ്ഥാനമില്ല. ചന്ദ്രൻ സൂര്യന്നു നേരെയെത്തുമ്പോൾ ഉണ്ടാവുന്ന പ്രകൃതിയിലെ മഹത്തായ അടയാളമാണ് ന്യൂമൂൺ ഇസ്‌ലാമിക മാസം ന്യൂമൂൺ മുതൽ തുടങ്ങി അടുത്ത ന്യൂമൂണിൽ അവസാനിക്കുന്നു. ഇതംഗീകരിക്കാൻ പ്രയാസമുള്ളതുകൊണ്ടാണോ മൗലവി നബി(സ)വിരോധിച്ച ജ്യോതിഷത്തെ കൂട്ടുപിടിക്കുന്നത്.

i) അറഫയിൽ വെച്ച് നബി(സ)ക്ക് പാലുകൊടുത്ത സംഭവത്തെ ഹാജിമാർക്ക് അറഫ നോമ്പുണ്ടോ എന്നറിയാനാണ് സ്വഹാബത്ത് ശ്രമിച്ചതെന്ന് ദുർവ്യാഖ്യാനം ചെയ്തുകണ്ടു. ഒരു സംശയം; മുൻവർഷം അബൂബക്കർ(

റ)യുടെ നേതൃത്വത്തിൽ ഹജ്ജ് ചെയ്തപ്പോൾ അറഫ നോമ്പിനെ സംബന്ധിച്ച് നബി(സ) ഒന്നും തന്നെ പറഞ്ഞുകൊടുത്തിരുന്നില്ലേ? നബി(സ) അതാതു സമയത്ത് ആവശ്യമായ ഉപദേശം നൽകിയിരുന്നു എന്നതാണ് മുസ്‌ലിംകളുടെ വിശ്വാസം.

j) രണ്ടു മൗലവിമാരും ശബാബും കൂടി എനിക്കെതിരിൽ ഗുരുതരമായ ഒരാരോപണം ഉന്നയിച്ചിരിക്കുന്നു. എന്റെ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് മൗലവിമാർ "ആടിനെ പട്ടിയാക്കുന്ന" തന്ത്രം പ്രയോഗിക്കുന്നത് ശ്രദ്ധിക്കുക.

"ചോദ്യം ചോദിച്ചത് ഒരു ജൂതനാണല്ലോ. ഉമറി(റ)ന്റെ മറുപടി മറ്റുള്ളവരോട് പറയുമ്പോൾ, ജൂതവിശ്വാസവും അതിൽ കലർന്നിട്ടുണ്ടാവും" എന്ന എന്റെ ലേഖനത്തിലെ പരാമർശം ഉദ്ധരിച്ചുകൊണ്ട് മൗലവിമാർ എഴുതി. "മഹാനായ, നബി(സ)യുടെ വലം കൈയായി പ്രവർത്തിച്ച ഉമർ ഫാറൂഖി(റ)ൽ ജൂതായിസം കലർന്നു എന്നു പറയാൻ പോലും ഇവർ കാണിച്ച ധാർഷ്ട്യം കുറച്ചു കടന്ന കൈയായിപ്പോയി." ഒരു ജൂതൻ ഉമർ(റ)യോട് ഒരു ചോദ്യം ചോദിച്ചു. ഉമർ(റ)അതിന്നു മറുപടി പറഞ്ഞു. ആ മറുപടി ജൂതൻ മറ്റുള്ളവരോട് ഏറ്റു പറഞ്ഞു. അതിൽ ജൂതൻ തന്റെ വീക്ഷണം കലർത്തിയിട്ടുണ്ടാവാം എന്നാണ് ഞാനെഴുതിയത്.(അടിവരയിട്ട ഭാഗം ശ്രദ്ധിക്കുക). വളരെ ലളിതമായ ഒരു വാചകത്തെ ഇത്തരത്തിൽ ദുർവ്യാഖ്യാനം ചെയ്യുമെങ്കിൽ മറ്റെന്തെല്ലാം ഇങ്ങിനെ ദുർവ്യാഖ്യാനം ചെയ്തിട്ടുണ്ടാവും? ജൂതന്റെ ഉദ്ദേശശുദ്ധി കൂടി പരിഗണിക്കേണ്ടതില്ലേ? ഇസ്‌ലാം പൂർത്തിയായതിലുള്ള സന്തോഷമാണോ ജൂതന്നുള്ളത്? തന്റെ മതം പൂർത്തിയാവാത്തതിൽ ടിയാന്നു സന്തോഷമാണോ ഉള്ളത്? മേൽ ജൂതൻ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടോ? ഇബ്‌ലീസിന്റെ കുതന്ത്രം തിരിച്ചറിയണമെന്നേ ഞാൻ ഉദ്ധേശിച്ചിട്ടുള്ളൂ. അല്ലാഹു(സു.ത)നമ്മെ എല്ലാവരെയും കാത്തു രക്ഷിക്കുമാറാകട്ടെ.

ചുരുക്കത്തിൽ 29–ാം തിയതി സന്ധ്യക്ക് കല നോക്കുന്ന രീതി ഇസ്‌ലാമികമല്ല. കലകൾ നോക്കി തിയതികൾ നിശ്ചയിക്കുന്ന രീതിയാണുള്ളത്. ആധുനിക യുഗത്തിൽ സെക്കന്റിന്റെ അംശംവരെ കൃത്യമായി കണക്കാക്കാൻ കഴിയുന്നതിനാൽ കാണുന്നതിനേക്കാൾ കൃത്യത കണക്കിൽ ലഭിക്കുന്നതിനാൽ അത് അല്ലാഹുവിൽ നിന്ന് ലഭിച്ച അറിവ് ആകയാൽ ആയത് സ്വീകരിച്ച് കൃത്യമായി ആരാധനകൾ നടത്തേണ്ടതാണ്. മേൽ കണക്ക് ന്യൂമൂണിൽ നിന്നാണ് ലഭിക്കുന്നത്. ന്യൂമൂണിന്റെ കണക്ക് സ്വീകരിച്ച് കൃത്യമായി കാലനിർണയം നടത്തൽ മുസ്‌ലിംകളുടെ ബാധ്യതയാണ്. അതിന്ന് ഇനിയും അമാന്തിച്ചു നിൽക്കേണ്ടതില്ല. എല്ലാ പ്രവർത്തികളും ചിന്തകളും താത്പര്യങ്ങളും വിചാരണ ചെയ്യപ്പെടും. തീർച്ച.

ആശംസകളോടെ...

ഒറ്റപ്രതി - 15/-

വർഷം - 60/-

രണ്ടു വർഷം - 100/-

വിദേശം ഒരുവർഷം- 250/-

വിദേശം രണ്ടുവർഷം- 500/-

സത്യം, നീതി, പ്രാമാണികം
നിഷ്പക്ഷ ഇസ്‌ലാമിക വായനക്ക്
സംഘടനാതീതം

പണ്ഡിതർക്കും സാധാരണക്കാർക്കും

# അൽഫനാർ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാവുക

The Manager
**AL FANAR**
P.O.Farook College, Kozhikode - 673 632
Ph: 0495 - 2441429, 9446258195

Chequ/D.D: A/c No: Koyakutty Farooqui 1496 SMG Bank, Ramanattukara

ഇസ്‌ലാമിലെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്നു